

Since 1987

# ബേഥേൽ പത്രിക

ചെങ്ങന്നൂർ ഭദ്രാസന മുഖപത്രം

മെയ് 2023
വാല്യം 35 ലക്കം 5

# Ina PUBLICITY

PERISSERY P.O.,
CHENGANNUR
KERALA.

artist
A.V. Joseph

CONTACT
0479 - 2451920
8113850147

Portrait
Landscape Paintings
Church Interials
Creative Paintings
Logo Designing




# അനുമോദനങ്ങൾ



**ഫാ. ഡോ. വിവേക് വർഗീസ്** MGOCSM കേന്ദ്ര ജനറൽ സെക്രട്ടറി

മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർത്ഥി പ്രസ്ഥാനം (MGOCSM) ജനറൽ സെക്രട്ടറിയായി ഫാ. ഡോ. വിവേക് വർഗീസിനെ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ നിയമിച്ചു. കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് കത്തീഡ്രൽ ഇടവകാംഗമാണ്. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നിന്ന് ബിരുദവും, മാന്നാനം കെ.ഇ. കോളേജിൽ നിന്ന് ബിരുദാനന്തര ബിരുദവും, റോമിലെ പൊന്തിഫിക്കൽ ഗ്രിഗോറിയൻ യൂണിവേഴ്സിറ്റിയിൽ നിന്ന് ബിരുദാനന്തര ബിരുദവും, ഡോക്ടറേറ്റും നേടിയ ബഹു. അച്ചൻ, MGOCSM കാതോലിക്കേറ്റ് കോളേജ് യൂണിറ്റ് സെക്രട്ടറി, MGOCSM പന്തളം ഡിസ്ട്രിക്ട് ഓർഗനൈസർ, MGOCSM ചെങ്ങന്നൂർ ഭദ്രാസന കമ്മിറ്റി അംഗം, MGOCSM കേന്ദ്ര സ്റ്റുഡന്റ് വൈസ് പ്രസിഡന്റ് എന്നി നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

**ശ്രീമതി റിബേക്ക മത്തായി**



ഭാരതത്തിന്റെ ഡെപ്യൂട്ടി കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറലായി (CAG of International Relations & Co-Ordinations) നിയമിക്കപ്പെട്ട മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ അംഗം (ഡൽഹി ഹോസ്ഖാസ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഇടവകാംഗം)

**വിനോദ് കെ. ജേക്കബ്**



ബഹറിൻ അംബാസിഡർ ആയി നിയമിതനാകുന്ന വിനോദ് കെ. ജേക്കബിന് അഭിനന്ദനങ്ങൾ. മലങ്കര സഭയുടെ ചെന്നൈ കോയമ്പേഡ് സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് ഇടവകാംഗം ശ്രീ. വി.കെ. ജേക്കബിന്റെ മകൻ ആണ്. വീയപുരം സ്വദേശി.

## എഡിറ്റോറിയൽ

ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ

ദൈവത്തിന് മനുഷ്യരോടുള്ള സ്നേഹത്തിന്റെ പ്രതിഫലനമാണ് ക്രിസ്തു. ലോകത്തിന്റെ പാപപരിഹാരത്തിനു വേണ്ടി അവൻ ഭൂമിയിൽ മനുഷ്യനായി അവതരിച്ചു. ദൈവപുത്രൻ ആയിരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെപ്പിടിക്കാതെ, ദാസരൂപം കൈക്കൊണ്ടു. നമ്മളുടെ പാപങ്ങൾക്ക് വേണ്ടി കാൽവറിയിൽ യാഗമായി തീരുകയും നമ്മിൽ പ്രത്യാശ ഉണർത്തിക്കൊണ്ട് ഉത്ഥിതനാവുകയും ചെയ്തു. ഉയർത്തെഴുന്നേറ്റ ക്രിസ്തു നമുക്ക് തരുന്ന വാഗ്ദത്തം രക്ഷയുടേതാണ്. 40 ദിനങ്ങൾക്ക് ശേഷം സ്വർഗ്ഗാരോഹണവും 10 ദിവസത്തെ കാത്തിരിപ്പിനു ശേഷം കടന്നുവരുന്ന അമ്പതാമത് എന്നർത്ഥമുള്ള പെന്തക്കോസ്തിയിലൂടെ ഒരു യഥാർത്ഥ ക്രിസ്ത്യാനിയുടെ ജീവിതം പരിശുദ്ധാത്മ വ്യാപാരത്തിൽ നിറയുന്നു.

മാമോദിസായിൽകൂടി നാം പ്രാപിച്ചിട്ടുള്ള പരിശുദ്ധാത്മാവിന്റെ പുതുക്കത്തിന്റെ നാളുകളാണ് സ്വർഗ്ഗാരോഹണത്തിന് ശേഷമുള്ള ഈ ദിവസങ്ങൾ. നിരന്തരമായ പ്രാർത്ഥനാ ജീവിതത്തിലൂടെയും നോമ്പ് ഉപവാസ അനുഷ്ഠാനങ്ങളിലൂടെയും വിശുദ്ധ കുമ്പസാരത്തിലൂടെയും വിശുദ്ധ കുർബാന വഴിയായുള്ള ക്രിസ്തു സംസർഗത്തിലൂടെയും തിരുവചന ധ്യാനത്തിലൂടെയും ഈ പരിശുദ്ധാത്മ വ്യാപാരത്തെ നാം നമ്മിൽ ആളിക്കത്തിക്കേണ്ടതുണ്ട്.

ആത്മശുദ്ധീകരണത്തിന്റെ ഈ പടവുകളിൽ കൂടി മാത്രമേ നമുക്ക് ക്രിസ്തുവിലേക്ക് എത്തുവാൻ സാധിക്കൂ. പരിശുദ്ധ പെന്തിക്കോസ്തിയുടെ അനുഭവത്തിലൂടെ കടന്നു പോകുമ്പോൾ ആത്മശോധനയ്ക്കുള്ള അവസരമാണ് നമുക്കുണ്ടാകേണ്ടത്. വിശ്വാസ തീക്ഷ്ണതയിൽ നമ്മെ ഉറപ്പിച്ചു നിർത്തിയിരുന്ന ഇന്നലകളിലെ സുകൃതങ്ങൾ പലതും നമുക്കിന്ന് അന്യമായിരിക്കുന്നു.

പിതാക്കന്മാർ പകർന്നു തന്ന ആരാധനയുടെ ഹൃദ്യമായ വിരുന്ന്, കാലഘട്ടത്തിന്റെ വെല്ലുവിളികളെ അതിജീവിക്കാനാകാതെ വിഷമയം ആയിരിക്കുകയാണ്. ശരിയും തെറ്റും, തീയതും, ആചാരവും അനാചാരവും, വിശ്വാസവും അവിശ്വാസവും കെട്ടു പിണഞ്ഞിരിക്കുന്ന ഒരു "കെട്ടകാലം" ആണിത്. എല്ലാം ഉള്ളതിൽ അധികം ഉണ്ടെന്ന് നടിക്കുന്ന പ്രകടനത്തിന്റെ കാലം.

ദൈവവും മനുഷ്യനുമായുള്ള നിരന്തരമായ സംസർഗമായിരുന്നു ക്രിസ്തീയ ആരാധന എങ്കിൽ ഇന്ന് നവമാധ്യമങ്ങൾ സൃഷ്ടിക്കുന്ന പ്രഭാവലയത്തിൽ പകിട്ടണിഞ്ഞിരിക്കുന്ന വൈവിധ്യമേറിയ ആരാധന അനുഭവങ്ങൾ നമുക്കു മുന്നിലുണ്ട്. ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ കാലമാണിത്. ആരാധനയ്ക്കു വേണ്ടിയുള്ള ആരാധനയായി മാറിയിട്ടുണ്ട് പലതും. ഒന്നിലധികം ഷോട്ടുകൾ എഡിറ്റ് ചെയ്ത് മെച്ചപ്പെട്ട അനുഭവം പ്രദാനം ചെയ്യുന്ന ഒന്നാക്കി പ്രദർശനപരതയിൽ ഊന്നി നിൽക്കുന്ന അനുഭൂതിയുടെ പുതിയ ഭാവങ്ങളാണ് ഇന്ന് നമ്മുടെ കൂദാശകൾ പകർന്നു നൽകുന്നത്. **Select, cut, copy, paste, edit, delete** എന്നിങ്ങനെ യുള്ള ലോകം ജീവിതത്തെ ആകമാനം സ്വാധീനിച്ചിട്ടുണ്ട്. അനുകരിക്കുന്നതിനും അടിച്ചുമാറ്റുന്നതിനും ഒഴിവാക്കുന്നതിനും സ്വീകരിക്കുന്നതിനുമൊക്കെയുള്ള സാധ്യത വളരെയധികമുണ്ട്.

പട്ടക്കാരനും ശുശ്രൂഷകനും ജനവും എന്നതിനോടൊപ്പം ക്യാമറയും ആരാധനയുടെ അവിഭാജ്യ ഘടകമായി മാറിയിട്ടുണ്ട്. പെരുന്നാളുകൾ, ചെണ്ടമേളങ്ങളും, വാദ്യഘോഷങ്ങളും, പൊൻവെള്ളി കുരിശുകളും, ലൈറ്റ് ഷോയും, ആകാശദീപക്കാഴ്ചകളും കൊണ്ട് അപരനെ വെല്ലുന്ന തരത്തിൽ മെച്ചപ്പെട്ടിട്ടുണ്ട്. അപേക്ഷകളും പ്രാർത്ഥനാ മന്ത്രങ്ങളും ഉരുവിട്ടുകൊണ്ട് ഇടവക മുഴുവൻ ഒരുമനപ്പെട്ട് നടത്തിയിരുന്ന റാസകളുടെ കാലമൊക്കെ അന്യമായിപ്പോയി.

ഇടവകയുടെ പണക്കൊഴുപ്പ് കാണിക്കാനുള്ള ഇടങ്ങളായി ഇന്ന് പെരുന്നാളുകൾ മാറി. ഇതിനിടയിൽ ചോർന്നുപോയ ഒന്നായി ആത്മീയത മാറിയിട്ടുണ്ട്. ഈ കാത്തിരിപ്പിന്റെ നാളുകൾ നമുക്ക് നഷ്ടമായ ആത്മീയതയെ തിരികെ പിടിക്കുന്നതിനുള്ള അവസരമായി മാറട്ടെ. ശുദ്ധവായുവും ശുദ്ധജലവും പോലെ പാരമ്പര്യവും വിശ്വാസവും സത്യാരാധനയും അടുത്ത തലമുറയ്ക്ക് പകർന്നു കൊടുക്കാനുള്ള കടമ നമുക്കുണ്ടെന്നുള്ള സത്യം വൈദികരും വിശ്വാസികളും വിസ്മരിക്കരുത്.

# ബഥേൽ പത്രിക

Bethel Pathrika, P. B. No. 38, Chengannur, Kerala 689 121
+91 479 2451331
bethelpathrika@gmail. com www. bethelpathrika. org



**പത്രാധിപസമിതി**

| | |
|---|---|
| രക്ഷാധികാരി | പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് III തിരുമേനി |
| മാനേജിംഗ് എഡിറ്റർ | അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ 9447718511 |
| പബ്ലീഷർ | റവ. ഫാ. പി. കെ. കോശി 9447654008 |
| ചീഫ് എഡിറ്റർ | റവ. ഫാ. മാത്യു വർഗ്ഗീസ് പുളിമൂട്ടിൽ 9495765393 mathewvarghese678@gmail.com |
| എക്സിക്യൂട്ടീവ് എഡിറ്റർ | റവ. ഫാ. മത്തായി സഖറിയ ഇടവങ്കാട് |
| എഡിറ്റർ | ഡോ. ബിൻസി റജി ആറ്റുവാ |
| അസോസിയേറ്റ് എഡിറ്റർ | ശ്രീ. വർഗ്ഗീസ് ജോൺ തോട്ടപ്പുഴ |
| സർക്കുലേഷൻ മാനേജർ | റവ. ഫാ. റിനോ കെ. മാത്യു |
| അംഗങ്ങൾ | ശ്രീ. ഷാജൻ മാത്യൂസ് പേരിശ്ശേരി |
| | ശ്രീ. സജി പട്ടരമഠം ബുധനൂർ |
| | ശ്രീ. സിബി മത്തായി ഇടനാട് |
| | ശ്രീ. എബി അലക്സാണ്ടർ പുത്തൻകാവ് |
| | ശ്രീ. ബിനോയി പി. ജോർജ്ജ് കടപ്ര |
| | ശ്രീ. ചിൽസ് തോമസ് കോശി കുർത്തമല |
| | ശ്രീ. ജോർജ്ജ് വർഗ്ഗീസ് (PRO) പുത്തൻകാവ് |
| | ശ്രീ. റെജി ജോർജ്ജ് വെണ്മണി |

വരിസംഖ്യ 150 രൂപ




## ഇതളുകളിൽ


| | | |
|---|---|---|
| 5 | ഇടയപത്രിക | ഡോ. മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ |
| 6 | കർത്താവിന്റെ സ്വർഗ്ഗാരോഹണവും, പരിശുദ്ധ ആത്മാവിനായുള്ള കാത്തിരിപ്പും | ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട് |
| 8 | പരിശുദ്ധാത്മാവിന്റെ സാദൃശ്യങ്ങൾ - വി. വേദപുസ്തകത്തിൽ | ജോർജ്ജ് മാത്യു റമ്പാൻ തൈക്കൂട്ടത്തിൽ |
| 11 | സെബദി പുത്രന്മാർ | ഫാ. എം.എം. വൈദ്യൻ തേവലക്കര |
| 13 | ശമര്യക്കാരി സ്ത്രീ - ഒരു പഠനം | ഫാ. മനു വർഗ്ഗീസ് ജേക്കബ് ബറോഡ |
| 15 | ലഹരിയും നിയമപ്രശ്നങ്ങളും | ബിനു വി. വർഗ്ഗീസ് |
| 18 | ദാമ്പത്യ ജീവിതത്തിലെ പ്രശ്നങ്ങളിലേക്കുള്ള ഒരു എത്തിനോട്ടം | ഫാ. ജസ്റ്റിൻ അനിയൻ |
| 20 | സത്യാനന്തര വിശുദ്ധി | ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിൽ |
| 23 | വിശുദ്ധ യോഹന്നാന്റെ ഒന്നാം ലേഖനം 3,4,5 അദ്ധ്യായങ്ങൾ | ഫാ. മാത്യു വർഗീസ്, പുളിമൂട്ടിൽ |
| 25 | ബാലപത്രിക | |
| 27 | ക്വിസ് 9 | |
| 28 | ക്രൈസ്തവലോക വാർത്തകൾ | |
| 29 | ഭദ്രാസന വാർത്തകൾ | |



## ഇടയപത്രിക

ഡോ. മാത്യൂസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത

ആത്മീയത ഭൗതികതയിൽ ലയിച്ച് അർത്ഥശൂന്യമായി പോകുന്ന കാലംകെട്ട കാലത്താണ് ഈ കുറിപ്പ് എന്ന ബോധ്യത്തിൽ നിന്നുകൊണ്ട് തന്നെ എഴുതട്ടെ. വിശുദ്ധ മദ്ബഹായിൽ പ്രവേശിക്കുമ്പോൾ പ്രാർത്ഥിക്കുന്ന ഒരു പ്രാർത്ഥനയുണ്ട് 'കർത്താവെ നിന്റെ ബലിപീഠത്തിന്റെ കോണുകൾ വരെ ചങ്ങലകളാൽ ഞങ്ങളുടെ പെരുന്നാളുകളെ ബന്ധിക്കേണമേ' എന്ന്. ഹൃദയകോണിൽ ഉറച്ചുപോയതും എന്നാൽ പ്രവർത്തി തലത്തിൽ ഒട്ടും തന്നെ നാം നീതി പുലർത്തുന്നതുമായ ഒരു പ്രാർത്ഥന.

ഇത് പെരുന്നാളുകളുടെ കാലമാണല്ലോ. വിശുദ്ധ സഭയിൽ പ്രധാനമായി മോറാനായ പെരുന്നാളുകളും, മോറാനായ പെരുന്നാൾ പോലെ ആചരിക്കേണ്ട പെരുന്നാളുകളും, മറ്റു പെരുന്നാളുകളും ഉണ്ട്. പെരുന്നാൾ എന്നതിന് മറ്റു എല്ലാ ദിവസത്തേക്കാൾ വിശേഷമായ ദിവസം എന്ന് മാത്രമാണ് അർത്ഥം. പെരിയനാൾ അഥവാ വലിയ ദിവസം എന്നും പറയാം. എന്നാൽ നമ്മുടെ കർത്താവിന്റെ പെരുന്നാളുകൾക്ക് അപ്പുറമല്ല മറ്റു ഒരു പെരുന്നാളും. അതുകൊണ്ടു അവ ആചരിക്കേണ്ട എന്ന് അർത്ഥമല്ല. വിശുദ്ധ കുർബാനയാണ് ഏറ്റവും വലിയ പെരുന്നാളും കടപ്പെട്ട ദിവസവും. 'കുദാശയുടെ കുദാശ', 'കുദാശയുടെ രാജ്ഞി' എന്നെല്ലാം വി. പിതാക്കന്മാർ വി. കുർബാനയെ വിശേഷിപ്പിക്കുന്നു.

ഇന്നത്തെ നമ്മുടെ പെരുന്നാളുകൾ വിശുദ്ധ കുർബാനയുടെ മഹത്വത്തെയും, വിശുദ്ധിയേയും ഇല്ലാതാക്കുന്ന തരത്തിലേക്ക് മാറിപ്പോകുന്നത് വളരെ നിർഭാഗ്യകരമാണ്. പെരുന്നാളുകളുടെ ആർഭാടവും, ഭക്തിക്കുറവും വിമർശിക്കുമ്പോൾ പഴയ മനസ്സിൽ നിന്ന് വരുന്ന കലാവാസനയില്ലാത്തവരുടെ ജല്പനകൾ എന്ന് പറഞ്ഞു തള്ളിക്കളയാം എങ്കിലും നഷ്ടമാകുന്നത് വിശുദ്ധ സഭയുടെ ആത്മീയ തേജസാണ് എന്നത് നമ്മെ ഭാരപ്പെടുത്തുന്നു. പള്ളിയിൽ ഇല്ലാത്ത ആൾക്കൂട്ടം ആകാശകാഴ്ചകൾക്കും, ഫ്യൂഷനും, ശബ്ദ കോലാഹലങ്ങൾക്കും കാണുമ്പോൾ നമ്മുടെ പെരുന്നാളുകളുടെ ആത്മീയ നിലവാരം വായിക്കുന്നവർ ചിന്തിച്ചുകൊള്ളട്ടെ. നോമ്പും, പ്രാർത്ഥനയും, ഉപവാസവും ആയി ജീവിച്ചു കടന്നുപോയവരും, ക്രിസ്തുവിനെപ്രതി ജീവൻ വെച്ചവരുമായ വിശുദ്ധ പിതാക്കന്മാരുടെയും ശുദ്ധിമതികളുടെയും ഓർമ്മ, പെരുന്നാളുകളായി നാം കൊണ്ടാടുമ്പോൾ ആ വിശുദ്ധരുടെ ജീവിത ത്യാഗത്തോട് നീതിപുലർത്തേണ്ടതുണ്ട്. നമ്മുടെ പെരുന്നാളുകൾ വെറും ആഘോഷങ്ങളായി മാറുമ്പോൾ മദ്ബഹായുടെ കോണുകൾ പോയിട്ട് പള്ളിയുടെ പൂമുഖത്ത് പോലും നമ്മുടെ പെരുനാളുകളുടെ സുഗന്ധം എത്തുന്നില്ല എന്നതിൽ രണ്ടുപക്ഷമില്ല.

വൈദീകർ ഇപ്പോഴത്തെ സാഹചര്യത്തിൽ നിസ്സഹായർ ആണെങ്കിലും ഇത്തരം കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധയുള്ളവരും, സൂക്ഷ്മത ഉള്ളവരും ആയിരിക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ് . ആത്മീയ പ്രസ്ഥാനങ്ങളും പ്രവർത്തകരും ഇത്തരം സന്ദർഭങ്ങളിൽ ലക്ഷ്യബോധം ഇല്ലാതെ പ്രവർത്തിക്കുന്നത് അഭിലഷണീയമല്ല . ആർഭാടവും ആഘോഷവുമല്ല ആത്മീയ നിറവാണ് പ്രധാനം. ലക്ഷ്യത്തിൽ നിന്ന് മാറിപോകാത്ത, ദൈവീക സാന്നിദ്ധ്യമുള്ള ഇടങ്ങളായി നമ്മുടെ പള്ളിയും പരിസരവും മാറട്ടെ. വിശ്വാസ ആചാര അനുഷ്ഠാനങ്ങളുടെ കാവലാൾ ആകേണ്ട നാം ഓരോരുത്തരും കാണിക്കുന്ന ശ്രദ്ധയില്ലായ്മയും, ഉദാസീനതയും വിളച്ചവനോട് ഉള്ള വിശ്വാസ കുറവാണ് എന്ന് പറയാതിരിക്കാൻ നിവർത്തിയില്ല. ആർഭാടവും ആഘോഷവുമല്ല ആത്മീയ നിറവാണ് പ്രധാനം. ലക്ഷ്യത്തിൽ നിന്ന് മാറിപോകാത്ത, ദൈവീക സാന്നിദ്ധ്യമുള്ള ഇടങ്ങളായി നമ്മുടെ പള്ളിയും പരിസരവും മാറട്ടെ. പെരുന്നാളുകളുടെ മഹത്വം മദ്ബഹായുടെ കോണുകൾ വരെയും ചെന്ന് എത്തി അതുവഴി നാടിനും വീടിനും അനുഗ്രഹമായി തീരട്ടെ.



ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്

# കർത്താവിന്റെ സ്വർഗ്ഗാരോഹണവും പരിശുദ്ധ ആത്മാവിനായുള്ള കാത്തിരിപ്പും

പുനരുത്ഥാനത്തിനു ശേഷം 40-ാം നാൾ കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തു എന്നു വി. വേദപുസ്തകവും (അപ്പോ. പ്ര. 1:2) തന്റെ പിതാവിന്റെ വലതുഭാഗത്തിരുന്നു എന്ന് നിഖ്യാ വിശ്വാസപ്രമാണവും പ്രഖ്യാപിക്കുന്നുണ്ട്. സ്വർഗ്ഗാരോഹണം കണ്ട് സ്തബ്ധരായി നിന്ന ശിഷ്യന്മാർ വെള്ളവസ്ത്രം ധരിച്ച രണ്ടു പുരുഷന്മാരെ കണ്ടു. അവർ പറഞ്ഞു സ്വർഗ്ഗാരോഹണം ചെയ്ത യേശു സ്വർഗ്ഗത്തിലേക്കു കരേറിയതുപോലെതന്നെ വീണ്ടും വരും (അപ്പോ. പ്ര. 1:11). കർത്താവ് അവരോട് ഏറെനാൾ കഴിയും മുമ്പേ അവർക്ക് പരിശുദ്ധാത്മാവിന്റെ സ്നാനം ലഭിക്കുമെന്ന് കല്പിച്ചിരുന്നു (അപ്പോ. പ്ര.1:5). കർതൃകല്പനയനുസരിച്ച് അവർ യറുശലേമിൽ നിന്നു വിട്ടുപോകാതെ പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരുന്നു (അപ്പോ. പ്ര. 1:4) അവർ ഒരുമനപ്പെട്ടു പ്രാർത്ഥന കഴിച്ചുപോന്നു (അപ്പോ. പ്ര. 1:14). പടിഞ്ഞാറൻ സുറിയാനി പാരമ്പര്യത്തിൽ സ്വർഗ്ഗാരോഹണ പെരുന്നാളും അതിനുശേഷം പെന്തിക്കൊസ്തി വരെ പത്തുദിവസം കാത്തിരിപ്പിന്റെ ദിനങ്ങളും ആചരിക്കുന്നതിന്റെ വേദപുസ്തകാടിസ്ഥാനമാണ് ഈ വിവരണം.

കർത്താവിന്റെ പുനരുത്ഥാനത്തിനുശേഷം പല പ്രാവശ്യം താൻ ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടതിനു ശേഷമാണ് സ്വർഗ്ഗാരോഹണം ചെയ്തത്. പുനരുത്ഥാനം ഒരു യാഥാർത്ഥ്യമായിരുന്നു എന്ന് ശിഷ്യന്മാർക്ക് ഉറപ്പു നൽകാനാണ് താൻ പലപ്രാവശ്യം പ്രത്യക്ഷപ്പെട്ടത്. ഉയിർപ്പിനെ കുറിച്ച് സ്ത്രീകൾ സാക്ഷിച്ചു എങ്കിലും ശിഷ്യന്മാരുടെ മനസിലെ സംശയം ദൂരീകരിക്കപ്പെട്ടിരുന്നില്ല. തോമാശ്ലീഹാ അവനെ കണ്ടെങ്കിലല്ലാതെ വിശ്വസിക്കയില്ല എന്നു പോലും പറയാനിടയായത് വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. കർത്താവിന്റെ പുനരുത്ഥാനത്തെ മടികൂടാതെയും വിശ്വാസ ധൈര്യത്തോടെയും പ്രസ്താവിക്കുവാൻ അവരെ പ്രാപ്തരാക്കിയത് വീണ്ടും വീണ്ടും ഉണ്ടായ പ്രത്യക്ഷപ്പെടലുകളാണ്. ഏതുതരത്തിലുള്ള ശരീരമാണ് പുനരുത്ഥാനത്തിൽ നമുക്ക് ലഭിക്കുവാൻ പോകുന്നത് എന്നതിന്റെ വെളിപ്പെടുത്തൽ കൂടി ആയിരുന്നു ഉയിർപ്പിനുശേഷം ഉണ്ടായ പ്രത്യക്ഷപ്പെടലുകൾ. ഇന്ന് സഭയുടെ ഒരു പ്രധാനപ്പെട്ട പെരുന്നാളാണ് സ്വർഗ്ഗാരോഹണം.

സഭയുടെ ആരാധനാക്രമങ്ങളെല്ലാം രൂപം പ്രാപിച്ച 4-ാം നൂറ്റാണ്ടിൽ തന്നെയാണ് സ്വർഗാരോഹണത്തിന്റെ ക്രമവും രൂപപ്പെട്ടത്. ആരാധനാ വർഷത്തിലെ ഓരോ പെരുന്നാളിലും നമ്മൾ സംബന്ധിക്കുമ്പോൾ ക്രിസ്തു ജീവിച്ചിരുന്നകാലത്ത് ആ സംഭവങ്ങളിലെല്ലാം നമ്മൾ സംബന്ധിച്ചു എന്നതുപോലുള്ള ഒരു പ്രതീതിയാണ് നമ്മുടെ ഹൃദയങ്ങളിൽ ഉളവാകേണ്ടത്. പടിഞ്ഞാറൻ സുറിയാനി ആരാധനാ പാരമ്പര്യത്തിൽ വളരെ ലളിതമായ ഒരു ക്രമം മാത്രമേ ഈ പെരുന്നാളിൽ നടത്തുന്നുള്ളു. പള്ളിക്കു ചുറ്റി ഒരു പ്രദക്ഷിണവും ഒരു സ്ലീബാ ആഘോഷവും മാത്രമേയുള്ളു. വി. സ്ലീബാ നാലു ദിക്കുകളിലേക്കും ഉയർത്തി ആഘോഷിക്കുമ്പോൾ സ്ലീബായിലൂടെ രക്ഷകൻ നമുക്കു നേടിത്തന്ന വിജയത്തെയും രക്ഷയെയും അനുസ്മരിക്കുകയും,

ലോകത്തിന്റെ നാലു ഭാഗങ്ങളെയും സ്ലീബാ കാത്തു സംരക്ഷിക്കുന്നു എന്ന തത്വവുമാണ് അതിനു പിന്നിലുള്ളത്. ആദിമനൂറ്റാണ്ടുകളിൽ ചില പാരമ്പര്യങ്ങളിൽ ഈ പെരുന്നാൾ പെന്തിക്കൊസ്തിയോട് അനുബന്ധിച്ചും, മറ്റു ചില പാരമ്പര്യങ്ങളിൽ ഉയിർപ്പിനോട് അനുബന്ധിച്ചും നടത്തിയിരുന്നു.

സ്വർഗ്ഗാരോഹണത്തിനു ശേഷം പെന്തിക്കൊസ്തിവരെയുള്ള 10 ദിവസങ്ങൾ കാത്തിരിപ്പിന്റെ ദിനങ്ങളെന്ന പേരിൽ പത്യേകമായ പ്രാർത്ഥനകൾക്കുവേണ്ടി മാറ്റിവയ്ക്കുന്നു. ആ ദിവസങ്ങളിൽ വിവാഹങ്ങൾ നടത്താറില്ല. വിവാഹബന്ധങ്ങളിൽ നിന്ന് ഒഴിഞ്ഞിരുന്നു പ്രാർത്ഥിക്കേണ്ടതിനാണ് ഈ അനുഷ്ടാനം. ഇതുനമ്മൾ പറയുകയും അനുഷ്ടിക്കുകയും ചെയ്യുന്നുണ്ട് എങ്കിലും കാത്തിരിപ്പിന്റെ ദിനങ്ങൾ എന്നു പേരിട്ട് ആചരിക്കുന്ന ദിങ്ങൾ ആരാധനാ വർഷത്തിന്റെ ക്രമീകരണങ്ങളിൽ കാണുന്നില്ല. കാത്തിരിപ്പിന്റെ ദിനങ്ങൾ എന്ന പ്രയോഗംപോലും സുറിയാനിയിൽ കാണുന്നില്ല, പെന്തിക്കൊസ്തി ദിനങ്ങൾ എന്നു മാത്രമാണ് ഹൂദായകാനോനിൽ കാണുന്നത്. ആ ദിനങ്ങൾക്കുവേണ്ടി പ്രത്യേകിച്ച് പ്രാർത്ഥനകൾ ഒന്നും പടിഞ്ഞാറൻ സുറിയാനി പിതാക്കന്മാർ ക്രമീകരിച്ചിട്ടില്ല. പ്രാർത്ഥനയോടൊപ്പം നോമ്പ് നോക്കേണ്ടതായി കൽപ്പിച്ചിട്ടില്ല. നേരേ മറിച്ച് ഉയിർപ്പ് പെരുന്നാളിനു ശേഷം 50 ദിവസത്തേക്ക് നോമ്പുകളൊന്നും ഇല്ലെന്നാണ് ഈ പാരമ്പര്യം പഠിപ്പിക്കുന്നത്. ഉയിർപ്പിനുശേഷം ഏഴ് ആഴ്ചകൾ മുട്ടുകുത്തുന്നില്ല. അതിനുശേഷം ആദ്യമായി മുട്ടുകുത്തുന്നത് പെന്തിക്കൊസ്തി പെരുന്നാളിലെ ശുശ്രൂഷയിലാണ്.

കാത്തിരിപ്പിന്റെ ദിവസങ്ങൾ എന്നു നമ്മൾ വിളിക്കുന്ന പെന്തിക്കൊസ്തി നാളുകളിൽ വിവാഹവിരുന്നുകൾ പാടില്ല എന്ന് ഹൂദായ കാനോൻ നിഷ്ക്കർഷിക്കുന്നുണ്ട്. ലാവോദിക്യ സുന്നഹദോസ് നിശ്ചയങ്ങളനുസരിച്ച്, നാൽപ്പതുനോമ്പ്, പരിശുദ്ധാത്മാവാസത്തിനായി പ്രത്യേകം വെടിപ്പോടുകൂടി ആചരിക്കേണ്ട കാലമായ പെന്തിക്കൊസ്തി ദിവസങ്ങൾ, ആദിയായി വിവാഹാടിയന്തിരങ്ങൾ നിരോധിക്കപ്പെട്ടിരിക്കുന്ന കാലങ്ങളിൽ ആയിരിക്കരുത് (വിവാഹങ്ങൾ നടത്തപ്പെടുന്നത്) (കാനോൻ 8:1, പേജ് 130). കാത്തിരിപ്പിന്റെ ദിനങ്ങളിൽ വിവാഹവിരുന്നുകൾ നിരോധിക്കപ്പെട്ടിരിക്കുന്നു എന്നും അവ വെടിപ്പോടെ ആചരിക്കേണ്ട ദിനങ്ങളാണ് എന്നും മാത്രമേ ഹൂദായകാനോനിൽ സൂചനയുള്ളു. വെടിപ്പോടെ എന്നതിന് നമ്മുടെ സഭയിൽ നൽകപ്പെട്ടിട്ടുള്ള ഒരു വ്യാഖ്യാനമാണ് വിവാഹ ബന്ധങ്ങളിൽ നിന്നും ഒഴിഞ്ഞിരിക്കണം എന്നത്. വെടിപ്പോടെ എന്നു പറഞ്ഞാൽ അതുമാത്രമല്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്നത് വ്യക്തമാണല്ലോ.

പത്തുദിവസങ്ങൾ പ്രാർത്ഥനാപൂർവ്വം കാത്തിരുന്നിട്ട് ഉയിർപ്പ് പെരുന്നാളിനുശേഷം 50-ാം ദിവസം (പെന്തിക്കൊസ്തി) ഞായറാഴ്ച വി. കുർബാനയ്ക്കുശേഷം ഉച്ചകഴിഞ്ഞ് പെന്തിക്കൊസ്തിയുടെ പ്രത്യേക ക്രമമായ മുട്ടുകുത്തലിന്റെ ക്രമം നടത്തിയിരുന്നതായി ഉറഹായിലെ യാക്കോബ് (8, 9 നൂറ്റാണ്ടുകൾ) സാക്ഷിക്കുന്നു (കാനോൻ പേജ് 67).



അഭിവന്ദ്യ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് തിരുമേനിയുടെ ജന്മദിനത്തിൽ മാർത്തോമാ സഭയുടെ തോമസ് മാർ തീമോത്തിയോസ് എപ്പിസ്ക്കോപ്പാ ബഥേൽ അരമനയിൽ വന്ന് ആശംസകൾ നേരുന്നു.



ജോർജ്ജ് മാത്യു റമ്പാൻ തൈക്കൂട്ടത്തിൽ, കോഴഞ്ചേരി
(വൈദികസദനം തുമ്പമൺ)

# പരിശുദ്ധാത്മാവിന്റെ സാദൃശ്യങ്ങൾ - വി. വേദപുസ്തകത്തിൽ

പരിശുദ്ധ ത്രിത്വ വിശ്വാസം സഭയുടെ അടിസ്ഥാന വിശ്വാസങ്ങളിൽ ഒന്നാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്ന ത്രിയേക ദൈവത്തിലുള്ള വിശ്വാസമാണത്. വിശുദ്ധ ത്രിത്വത്തിൽ മൂന്നാമനായ പരിശുദ്ധാത്മാവിന്റെ ആളത്വവും പ്രവർത്തനങ്ങളും വി. വേദപുസ്തകത്തിൽ വ്യക്തമായി പറയുന്നുണ്ട്. പരിശുദ്ധാത്മാവിനെക്കുറിച്ച് തിരുവെഴുത്തിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങൾ ഏകോപിപ്പിച്ച് തരംതിരിച്ച് പഠിക്കുന്നതാണ് പരിശുദ്ധാത്മ ശാസ്ത്രം (Pneamatology). അതിൽ ഏഴുവിഭാഗങ്ങൾ ഉണ്ട്.

1. പരിശുദ്ധാത്മാവിന്റെ ആളത്വവും ദൈവത്വവും
2. പരിശുദ്ധാത്മാവിന്റെ നാമങ്ങളും സാദൃശ്യങ്ങളും
3. പരിശുദ്ധാത്മാവ് ലോകത്തിൽ
4. പരിശുദ്ധാത്മാവ് സഭയിൽ
5. പരിശുദ്ധാത്മാവ് വിശ്വാസിയിൽ
6. പരിശുദ്ധാത്മാവും കൃപാവരങ്ങളും ഫലങ്ങളും
7. പരിശുദ്ധാത്മായ ജ്ഞാനവും ആത്മനിറവും.

നമ്മുടെ കർത്താവ് തന്റെ ശിഷ്യർക്ക് ഉറപ്പു കൊടുത്തതാണ്. സകല സത്യത്തിലും വഴി നടത്തുന്ന പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ നിങ്ങൾക്ക് തരുമെന്ന്. ഉയിർത്തെഴുന്നേറ്റവനായ കർത്താവ് സ്വർഗ്ഗാരോഹണത്തിനു മുമ്പ് ശിഷ്യന്മാരോട് പറഞ്ഞു; എന്റെ പിതാവ് വാഗ്ദത്തം ചെയ്തതിനെ ഞാൻ നിങ്ങളുടെ മേൽ അയയ്ക്കും. നിങ്ങളോ ഉയരത്തിൽ നിന്ന് ശക്തി പ്രാപിക്കുവോളം നഗരത്തിൽ പാർപ്പിൻ (വി. ലൂക്കോസ് 24:29) അപ്രകാരം അവർ കാത്തിരിക്കയും പരിശുദ്ധാത്മാവിന്റെ അഭിഷേകം പ്രാപിക്കുകയും ചെയ്തു.

സൃഷ്ടിയുടെ ആരംഭം മുതൽ ഇന്നയോളം പരിശുദ്ധാത്മാവിന്റെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. യേശുവിന്റെ ജനനത്തിലും രക്ഷാപ്രവർത്തനങ്ങളിലും അപ്പോസ്തോലന്മാരുടെ പ്രവർത്തനങ്ങളിലും സഭയുടെ വളർച്ചയിലും വിശ്വാസികളുടെ ജീവിതത്തിലും പരിശുദ്ധാത്മാവിന്റെ ശക്തമായ പ്രേരണയും സ്വാധീനവും കാണുവാൻ സാധിക്കും. പുതിയ നിയമത്തിലെ അഞ്ചാമത്തെ പുസ്തകത്തെ അപ്പോസ്തോല പ്രവർത്തികൾ എന്നു പൊതുവെ അറിയപ്പെടുന്നുവെങ്കിലും പത്രോസിന്റെയും പൗലോസിന്റെയും പ്രവർത്തനങ്ങളുടെ ഒരു ചുരുങ്ങിയ വിവരണം മാത്രമാണത്. വാസ്തവത്തിൽ ഈ പുസ്തകത്തിന് 'പരിശുദ്ധന്റെ പ്രവർത്തികൾ' എന്ന പേരാണ് കൂടുതൽ അനുയോജ്യമായുള്ളത്. കാരണം അഞ്ചാം അദ്ധ്യായത്തിലെ പരിശുദ്ധാത്മാവ് ആവസിപ്പിനു ശേഷം അപ്പോസ്തോലന്മാരുടെ എല്ലാ പ്രവർത്തനങ്ങളും നിയന്ത്രിച്ചിരുന്നത് പരിശുദ്ധാത്മാവ് ആയിരുന്നു. അമ്പതുപ്രാവശ്യം പരിശുദ്ധാത്മാവ് എന്ന പദം ഈ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ആദിമ സഭാ വിശ്വാസത്തിൽ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള വിശദമായ നിർവചനങ്ങൾ ഉണ്ടായത് പരിശുദ്ധാത്മാവിനെതിരായ വേദവിപരീതങ്ങൾ ഉയർന്നു വന്നതിനാലാണ്. മൊണാർക്കിയൻ ചിന്തയിൽ പരിശുദ്ധാത്മാവിന്റെ രൂപത്തിൽ പിതാവാം ദൈവം തന്നെയാണ് പ്രവർത്തിച്ചത്. അറിയോസിന്റെ വേദ

വിപരീതം ആകട്ടെ പരിശുദ്ധാത്മാവിന്റെ ദൈവത്വവും ആളത്വവും നിഷേധിക്കുന്നതായിരുന്നു. അദ്ദേഹത്തിന്റെ പഠിപ്പിക്കലിൽ പരിശുദ്ധാത്മാവ്, പുത്രനാൽ സൃഷ്ടിക്കപ്പെട്ടവൻ ആണെന്നും പുത്രനെക്കാൾ താഴ്ന്നവൻ ആണെന്നുമാണ് മാസിഡോണിയൻ ചിന്തയിൽ പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിക്കപ്പെട്ടു. ഇങ്ങനെയുള്ള വേദവിപരീതങ്ങൾക്കു എതിരായി നിഖ്യാ സുന്നഹദോസിന്റെ മൂന്നാമത്തെ ഖണ്ഡികയിൽ പരിശുദ്ധാത്മാവിനെപ്പറ്റിയുള്ള വിശ്വാസം പിതാക്കന്മാർ വ്യക്തമാക്കി.

"സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നും പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടി വന്ദിക്കപ്പെട്ട് സ്തുതിക്കപ്പെടുന്നവനുമായ ജീവനും വിശുദ്ധിയുമുള്ള റൂഹായിലും..... വിശ്വസിക്കുന്നു."

പരിശുദ്ധാത്മാവിന്റെ സദൃശ്യങ്ങളായി പതിനൊന്നു കാര്യങ്ങൾ തിരുവചനത്തിൽ പ്രതിപാദിക്കുന്നു.

**1. ദാസൻ–എലിയാസർ ഉല്പത്തി 24**

അബ്രഹാം പിതാവായ ദൈവത്തിന്റെ സാദൃശ്യവും, ദാസനായ ഏലിയാസർ പരിശുദ്ധാത്മാവിന്റെ സാദൃശ്യവുമായി സൂചിപ്പിക്കുന്നു.

**a)** ഈ ദാസൻ തന്റെ കാര്യങ്ങൾ ഒന്നും പറയാതെ തന്റെ യജമാനന്റെ പുത്രനായ ഭാവിവരന്റെ മഹത്വമാണ് വർണ്ണിക്കുന്നത്. (ഉല്പ. 24:34-36) അതുപോലെ പരിശുദ്ധാത്മാവ് സ്വന്തകാര്യം പറയാതെ സഭയുടെ കാന്തനായ ക്രിസ്തുവിനെയാണ് മഹത്വപ്പെടുത്തുന്നത് (യോഹ. 16:13,14)

**b)** ദാസൻ തന്റെ യജമാനന്റെ സമ്പത്തിൽ നിന്ന് ഒരു ഭാഗം വധുവിന് നൽകുവാനായി കൊണ്ടുപോയിരുന്നു. അങ്ങനെ റിബേക്കയ്ക്ക് ആഭരണങ്ങളും വസ്ത്രങ്ങളും അവളുടെ ഭവനത്തിൽ വച്ചു തന്നെ ലഭിച്ചു. (ഉല്പ. 25:53) അതുപോലെ പരിശുദ്ധവും സ്വർഗ്ഗീയ സന്തോഷത്തിന്റെയും സൗഭാഗ്യത്തിന്റെയും ഒരംശം വിശ്വാസികൾക്ക് അനുഭവിക്കുവാൻ കൊണ്ടുവന്നിട്ടുണ്ട്. (1 കൊരി. 2:9, 12:7-11, ഗലാ 5:22,23) ദാസൻ വധുവായ റിബേക്കയെ വരനായ യിസഹാക്കിന്റെ സമീപത്തേക്കു കൂട്ടി കൊണ്ടുപോകുന്നു. (ഉല്പ. 24:61) അതുപോലെ പരിശുദ്ധാത്മാവും ക്രിസ്തുവിന്റെ കാന്തയായ സഭയെ മധ്യാകാശത്തിൽ ക്രിസ്തുവിന്റെ സമീപത്തേക്ക് കൂട്ടിക്കൊണ്ടു പോകും. (1 കൊരി 4:17)

**2 & 3 എണ്ണ** (ലേവ. 2:5, 6) തൈലം (യെശയ്യാ. 6:1:1 എബ്രായ. 1:9, സങ്കീ. 45:7, അപ്പൊ. 10, 38, 1 യോഹ. 2:20)

ലേവ്യ പുസ്തകത്തിൽ വിവിധങ്ങളായ അഞ്ച് യാഗങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു. അതിൽ ഭോജനയാഗത്തിന്റെ ഒരു പ്രധാന വസ്തുവാണ് എണ്ണ. എണ്ണ പരിശുദ്ധാത്മാവിന്റെ പ്രതീകമാണ്. സ്നാന സമയത്ത് യേശു പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായി എന്നു സൂചിപ്പിക്കുന്നു. (യാക്കോബ് 5:13-15) മറ്റ് അനേകം പരാമർശങ്ങൾ തൈലം ഉപയോഗിക്കുന്നതിനെപ്പറ്റി വി.വേദപുസ്തകത്തിലുണ്ട്. രാജാക്കന്മാരെയും പുരോഹിതന്മാരെയും പ്രവാചകന്മാരെയും തൈലം കൊണ്ട് അഭിഷേകം ചെയ്യുന്ന രീതി പഴയനിയമത്തിൽ കാണുന്നുണ്ട്. മാമോദീസായിൽ പരിശുദ്ധ മൂറോൻ അഭിഷേകം ചെയ്തുകൊണ്ട് കാർമ്മികൻ മാമോദീസ നൽകുന്ന ആളിന്റെ ശരീരം മുഴുവനായി പൂശികൊണ്ട് ചെയ്യുന്ന പ്രാർത്ഥന വിശുദ്ധാത്മ നൽവരത്തിന്റെ പൂർത്തികരണവുമായ വിശുദ്ധ മൂറോൻ എന്നാണ്. വി. മൂറോൻ തൈലത്തിൽ കൂടി പരിശുദ്ധാത്മ നൽവരമാണ് ഒരു വ്യക്തിക്ക് ലഭിക്കുന്നത്.

**4, 5, 6 മഴ, മഞ്ഞ്, ജലം**

ഇവ മൂന്നും വെള്ളത്തെ സൂചിപ്പിക്കുന്നു. മഴയ്ക്ക് ആധാരമായ വേദഭാഗങ്ങൾ യോവേൽ 2:23-27 മഞ്ഞു ഹോശയാ 14:5 ജലമോ യോഹ 4:14, 7:37 -37. ലഭിപ്പാനിരിക്കുന്ന പരിശുദ്ധാവിനെ മുന്നിൽ കണ്ടുകൊണ്ടാണ് ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് കർത്താവ് പറഞ്ഞത്. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻ മീതെ പ്രവർത്തിച്ചുകൊണ്ടിരുന്നു (ഉല്പ. 1:2). നമ്മുടെ പെന്തികോസ്തി പെരുന്നാളിന്റെ ആരാധനയിൽ ജലം തളിക്കുന്നത് പരിശുദ്ധാത്മാവിന്റെ ആവാസമായിട്ടാണ് നാം കരുതുന്നത്. പരിശുദ്ധാത്മാവിന്റെ പ്രതീകമായി ജലമാണ് അവിടെ ഉപയോഗിക്കുന്നത്. എല്ലാ ജീവജാലങ്ങളുടെയും അടിസ്ഥാനം ജലമാണ്. വെള്ളമില്ലെങ്കിൽ ഈ ഭൂലോകത്തിനു തന്നെ നിലനിൽപ്പില്ല. ഭൂമിയുടെ തന്നെ മുക്കാൽ ഭാഗവും ജലമാണ്. ജലം കുടിക്കുന്നതിനും ശുദ്ധീകരിക്കുന്നതിനും വളരുന്നതിനും അനിവാര്യമത്രേ. ജലത്തിൽ നിന്നും വൈദ്യുതി ശക്തി ഉൽപ്പാദിപ്പിക്കപ്പെടുന്നു. ജലം പോലെ തന്നെ ലോകത്തിന്റെ നിലനിൽപ്പിന് പരിശുദ്ധാത്മാവിന്റെ ശക്തിയും

പ്രവർത്തനവും അനിവാര്യമാണ്.

**7. പ്രാവ്**

പരിശുദ്ധാത്മാവിന്റെ പ്രതീകമായ തിരുവസ്ത്രങ്ങളിലും മറ്റും ഉപയോഗിക്കുന്ന പ്രതീകമാണിത്. കർത്താവിന്റെ മാമ്മോദീസ സമയത്ത് പരിശുദ്ധാത്മാവ് പ്രാവ് പോലെ ഇറങ്ങി (മത്തായി 3:16). മർക്കോസ് 1:10, ലൂക്കോസ് 2:22, യോഹ. 1:32). സൗമ്യതയുടെയും വിശുദ്ധിയുടെയും ശാന്തതയുടെയും പ്രതീകമാണ് പ്രാവ്.

**8. അച്ചാരം**

(2 കൊരി 11:22, എഫേസ്യ 1:24) ഭാവിയിൽ നമുക്ക് ലഭിപ്പാനുള്ള അനുഗ്രഹങ്ങളുടെ അച്ചാരമാണ് പരിശുദ്ധാത്മാവ്. അഡ്വാൻസ് കൊടുക്കുക അല്ലെങ്കിൽ അച്ചാരം നൽകുക എന്നത് വ്യാപാര ഇടപാടിലെ പ്രയോഗമാണ്. ബാക്കി നിശ്ചിത സമയത്ത് നൽകാം എന്നാണിതിന്റെ അർത്ഥം. പരിശുദ്ധാത്മാവിന്റെ ആദ്യദാനം എന്ന് റോമർ 8:23 ൽ പറഞ്ഞിരിക്കുന്നു. ഈ അർത്ഥത്തിലാണ്. നമ്മിൽ പകർന്ന പരിശുദ്ധാത്മാവ് സ്വർഗ്ഗീയ അനുഗ്രഹങ്ങൾ എല്ലാം നമുക്ക് വാങ്ങിതരുന്നു.

**9. അഗ്നി**

അപ്പോസ്തോല പ്രവർത്തികൾ 2:9 ൽ ശ്ലീഹന്മാരുടെ മേൽ പരിശുദ്ധാത്മാവ് അഗ്നിനാവിന്റെ സാദൃശ്യത്തിൽ പ്രത്യക്ഷപ്പെടുന്നു. അഗ്നി ശുദ്ധീകരിക്കുന്നു. ഊർജ്ജം നൽകുന്നു, ചൂട് നൽകുന്നു. പാകപ്പെടുത്തുന്നു. അഗ്നിയാകുന്ന പരിശുദ്ധാത്മാവിന്റെ പ്രവർത്തനം മൂലം ഈ മാറ്റങ്ങൾ വ്യക്തികളിൽ ഉണ്ടാകുന്നു. 2 കൊരി. 1:22, 1 യോഹ. 2:20, എഫേ. 1:4, 4:30.

**10. മുദ്ര**

ഒരുവൻ ക്രിസ്തുവിൽ വിശ്വസിക്കുമ്പോൾ തന്നെ അവൻ പരിശുദ്ധാത്മാവിനാൽ മുദ്രയിടപ്പെടുന്നു. ആ മുദ്രയെ വാഗ്ദത്തത്തിന്റെ പരിശുദ്ധാത്മാവ് എന്നു വിളിക്കുന്നു. പരിശുദ്ധാത്മാവ് പിതാവിനാലും പുത്രനാലും വാഗ്ദത്തം ചെയ്യപ്പെട്ടവനാണ്. നമുക്കുള്ള എല്ലാ വാഗ്ദത്തങ്ങളും നിവൃത്തിയാകുമെന്നതിന്റെ ഉറപ്പിൻ മുദ്ര. ഒരുവൻ തന്റെ സാധനങ്ങളിലെല്ലാം തന്റെ മുദ്ര (സീൽ) പതിക്കുന്നതുപോലെയാണ്. ദൈവം തന്റെ ജനത്തിന്മേൽ ആത്മാവ് എന്ന മുദ്ര പതിക്കുന്നു. പരിശുദ്ധാത്മാവാണ് മുദ്ര. ദൈവമാണ് മുദ്രയിടുന്നത്. ഈ മുദ്ര വിശ്വസിച്ച ദൈവമക്കളിലാണ് ചാർത്തപ്പെടുന്നത്. (2 തിമോത്തി. 2:19) ഒരു ഉടമ്പടിക്കും അംഗീകാരമാണ് മുദ്ര. അത് ഉടമസ്ഥാവകാശം നൽകുന്നു. പരിശുദ്ധാത്മാവിന്റെ മുദ്ര നമുക്ക് സുരക്ഷിതത്വം നൽകുന്നു.

**11. കാറ്റ്**

(യോഹ. 5:8 അപ്പൊ. 2:2 യെഹസ്ക്കിയേൽ 37:9) എബ്രായ ഭാഷയിലും, ഗ്രീക്കു ഭാഷയിലും ആത്മാവിനും കാറ്റിനും ന്യൂമ എന്ന പദമാണ് ഉപയോഗിക്കുന്നത്. അതിൽ കാറ്റ്, ആത്മാവ്, ശ്വാസം എന്നെല്ലാം അർത്ഥമുണ്ട്. കാറ്റിന്റെ ഗതി നമുക്ക് അറിഞ്ഞുകൂടാ. എങ്കിലും അത് അനുഭവിപ്പാൻ കഴിയും. ആത്മാവിലൂടെ അദൃശ്യനായ ദൈവത്തിന്റെ പ്രവർത്തനങ്ങൾ നമുക്ക് അനുഭവവേദ്യമായി തീർക്കുന്നത് പരിശുദ്ധാത്മാവിൽ കൂടിയത്രേ. നമ്മുടെ ജീവിതത്തിൽ വരുന്ന മാറ്റങ്ങൾ പരിശുദ്ധാത്മാവിന്റെ ശക്തിയിൽ കൂടി നമുക്ക് മനസ്സിലാക്കാം.

പരിശുദ്ധാത്മാവിൽ വിവിധങ്ങളായ സാദൃശ്യങ്ങൾ മനസ്സിലാക്കി പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യബോധം ഉൾക്കൊണ്ടുകൊണ്ട് പരിശുദ്ധാത്മാവിന്റെ ഫലങ്ങൾ പുറപ്പെടുവിച്ച് യഥാർത്ഥ ദൈവമക്കൾ ആയി ഈ ലോകത്തിൽ ജീവിക്കുക എന്നതാണ് ദൈവം നമ്മളിൽക്കൂടി ആഗ്രഹിക്കുന്നത്. ആയതിന് നമ്മെ തന്നെ ദൈവത്തിൽ സമർപ്പിക്കാം.

### ഉപന്യാസ മത്സര വിജയികൾ

ചെങ്ങന്നൂർ ഭദ്രാസന പ്രാർത്ഥനയോഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ വിജയികളായവർക്കുള്ള സമ്മാനദാനം, പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളിയിൽ കൂടിയ അഖില മലങ്കര പ്രാർത്ഥന യോഗ വാർഷിക സമ്മേളനത്തിൽ പരിശുദ്ധ ബസേലിയോസ് മാർത്തോമാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ നിർവഹിച്ചു. റീനു അന്ന ചെറിയാൻ സെന്റ് മേരീസ് കത്തീഡ്രൽ പുത്തൻകാവ്, ഡോക്ടർ എലിയാമ്മ വർഗീസ്, സെന്റ് മേരീസ്, കുട്ടംപേരൂർ, അബു എം. ജോർജ് സെന്റ് തോമസ് കുരമ്പാല, ജോയ്സ് ഉമ്മൻ സെന്റ് മേരീസ് സീനായ്കുന്ന് എന്നിവർ സമ്മാന അർഹരായി.



# സെബദി പുത്രന്മാർ

ഫാ. എം.എം. വൈദ്യൻ കോറെപ്പിസ്കോപ്പ

യാക്കോബ് എന്ന പേരിൽ പുതിയ നിയമത്തിൽ 3 പേരെ കാണുന്നുണ്ട്.

**(1) അല്പായുടെ മകൻ യാക്കോബ്.**

ചെറിയ യാക്കോബ് (വി. മർക്കോസ് 15:40) എന്ന് മറുപേരുള്ള ഈ അപ്പോസ്തോലനെക്കുറിച്ച് ഏറെ വിവരങ്ങൾ വി. വേദപുസ്തകത്തിൽ നിന്ന് ലഭ്യമല്ല.

**(2) കർത്താവിന്റെ സഹോദരൻ യാക്കോബ്**

കർത്താവിന്റെ തെരഞ്ഞെടുക്കപ്പെട്ട 12 അപ്പോസ്തോലന്മാരിൽ ഇദ്ദേഹം ഉൾപ്പെട്ടിരുന്നില്ല. ഉയിർത്തെഴുന്നേറ്റ കർത്താവിനെ ദർശനത്തിൽ കണ്ട ഇദ്ദേഹം (1 കൊരി 15:7) യരുശലേം സഭയുടെ പ്രധാന മേലദ്ധ്യക്ഷനായി. ഇദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ ആണ് യരുശലേം സുന്നഹദോസ് എന്നറിയപ്പെടുന്ന അപ്പോസ്തോലന്മാരുടെ പ്രഥമ സുന്നഹദോസ് കൂടിയതും വിജാതീയരുടെ സഭാ പ്രവേശനം സംബന്ധിച്ച തീരുമാനങ്ങൾ (പ്രവൃത്തികൾ 15) എടുത്തതും. ലേഖനകർത്താവായ ഇദ്ദേഹം അഞ്ചാം തുബേനിൽ ഓർക്കപ്പെടുന്നു.

**(3) സെബദി പുത്രന്മാരിൽ ഒരുവൻ.**

സെബദിയുടെയും ശലോമയുടെയും മകനായ ഈ അപ്പോസ്തോലൻ, പ്രവൃത്തികൾ 12:1 അനുസരിച്ച് ഹെരോദ് അഗ്രിപ്പാ ഒന്നാമൻ രാജാവിനാൽ ക്രൂരമായി കൊല്ലപ്പെട്ടു. സെബദി പുത്രന്മാരായ യാക്കോബ്, യോഹന്നാൻ എന്നിവരെക്കുറിച്ചുള്ള ഒരു ധ്യാനാത്മക പഠനമാണ് ഈ ലേഖനം.

"എന്റെ പിന്നാലെ വരിക" എന്ന യേശുനാഥന്റെ വാക്കുകൾ അവർക്ക് ധൈര്യവും പ്രത്യാശയും നൽകി. (വി. മത്തായി 4:21, വി. മർക്കോസ് 1:191). പടകിനെയും അപ്പനെയും ഉപേക്ഷിച്ച് യേശുവിന്റെ പിന്നാലെ യാത്ര ചെയ്യുവാൻ അത് അവർക്ക് ധൈര്യം നൽകി. ജീവന്റെ ആധാരമായ അപ്പനെയും ജീവിതത്തിന്നാശ്രയമായ പടകിനെയും അവർ ഉപേക്ഷിക്കുമ്പോൾ അവർക്കു മുന്നിൽ യേശു മാത്രം മതിയായിരുന്നു.

ശിഷ്യത്വം നൽകുന്ന സുരക്ഷയെക്കുറിച്ചുള്ള ബോധ്യം അവരിൽ ഉണ്ടായിരുന്നു. അധികാരത്തെക്കുറിച്ചുള്ള ചിന്ത അവരെ നയിച്ചിരുന്നു. ദൈവരാജ്യ സ്ഥാപനത്തിൽ തങ്ങൾക്കു ലഭിക്കേണ്ട സ്ഥാനമാനങ്ങളെക്കുറിച്ച് അവർ തന്നെ യേശുവിനോടറിയിക്കുന്നതായും (വി. മർക്കോസ് 10:35-45), തങ്ങളുടെ മാതാവ് യേശുവിനോട് ഈ ആവശ്യം ഉന്നയിക്കുന്നതായും (വി.മത്തായി 20: 20-28) വി. വേദ പുസ്തകത്തിൽ നാം വായിക്കുന്നു. യേശു തമ്പുരാൻ സ്ഥാപിക്കുന്ന ദൈവരാജ്യത്തെക്കുറിച്ചുള്ള വികലമായ ബോധ്യമാണ് ഇത്തരമൊരു ചോദ്യത്തിന്റെ അടിസ്ഥാനം. സ്വന്ത സുരക്ഷയെക്കുറിച്ചുള്ള കരുതൽ അതിന്

അവരെ പ്രേരിപ്പിച്ചു.

തങ്ങളുടെ ഗുരുവിനേൽക്കുന്ന ഏത് അവഗണനയും അവരിൽ ആഴമായ വേദന ഉളവാക്കി. യരുശലേമിലേക്ക് പോകുവാനൊരുങ്ങുന്ന യേശുവിനെ സ്വീകരിക്കുവാൻ മനസ്സാകാത്ത ശമര്യയിലെ ജനങ്ങളെ നശിപ്പിക്കുവാൻ അനുവാദം ചോദിക്കുന്ന (വി. ലൂക്കോസ് 9:51-56) അവർ യേശു തങ്ങൾക്ക് എത്ര വലിയവനാണെന്നും യേശുവിനേൽക്കുന്ന ഏതു നിന്ദയും എത്ര ആഴമായി തങ്ങൾക്ക് അനുഭവപ്പെടുന്നുവെന്നും വ്യക്തമാക്കുന്നു. എങ്കിലും കർത്താവ് ശാസിച്ചു കൊണ്ട് ഇങ്ങനെ പറഞ്ഞു." നിങ്ങൾ ഏതാത്മാവിന് അധീനർ എന്ന് നിങ്ങൾ അറിയുന്നില്ല. മനുഷ്യ പുത്രൻ മനുഷ്യരുടെ പ്രാണനെ നശിപ്പിക്കാനല്ല, രക്ഷിപ്പാനത്രേ വന്നത് എന്ന് പറഞ്ഞു. (വി. ലൂക്കോസ് 9:55-56).

കർത്താവിന്റെ രൂപാന്തരത്തിന്റെ സാക്ഷികളാകുവാൻ പത്രോസിനൊപ്പം അവർ ഇരുവർക്കും അവസരം ലഭിച്ചു. (വി. മത്തായി 17:1-8). യേശു പത്രോസിന്റെ അമ്മാവി അമ്മയുടെ പനിയെ ശാസിക്കുമ്പോഴും (വി. മർക്കോസ് 1:29 - 31) യായീറോസിന്റെ മകളെ ഉയിർപ്പിക്കുമ്പോഴും (വി. മർക്കോസ് 5:37, വി. ലൂക്കോസ് 8:51) അവർ യേശുവിനോടൊപ്പം ഉണ്ടായിരുന്നു. ഗദ്സമേന തോട്ടത്തിൽ കർത്താവ് പ്രാർത്ഥിക്കുവാൻ പോകുമ്പോഴും അവർ ഇരുവരും . കൂടെ ഉണ്ടായിരുന്നു.

ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്രം കുടിപ്പാൻ നിങ്ങൾക്കു കഴിയുമോ എന്ന യേശു തമ്പുരാന്റെ ചോദ്യത്തിന് കഴിയും എന്ന് അവർ മറുപടി പറഞ്ഞു. (വി.മത്തായി 20:22). തങ്ങളുടെ ജീവിതം കൊണ്ട് അവർ അത് വെളിപ്പെടുത്തി. രക്തസാക്ഷിത്വം കൊണ്ട് യാക്കോബ്. അത് സാക്ഷ്യപ്പെടുത്തി. ശിഷ്യസമൂഹത്തിൽ സ്വാഭാവികമരണം ഏറ്റുകൊണ്ട് ദീർഘകാലം സ്നേഹത്തിന്റെ അപ്പോസ്തോലനായി യോഹന്നാൻ ജീവിച്ചു യേശുവിന്റെ മാറിൽ ചാരിക്കിടക്കുവാനും അവന്റെ തീരുമാനങ്ങളിൽ പങ്കുചേരുവാനും അവന് ഇടയായി. മാറോടു ചേർന്നു നിന്ന് നാഥന്റെ ഹൃദയമിടിപ്പു തിരിച്ചറിയുവാൻ ഈ ശിഷ്യന്മാരെ പോലെ നമുക്കും ഇടയാകട്ടെ. ✪

## ഹ്സീറോൻ - ജൂൺ

2. സ്വർണ്ണ വെള്ളിയാഴ്ച
4. പെന്തിക്കോസ്തിക്കുശേഷം ഒന്നാം ഞായറാഴ്ച
5. ലോക പരിസ്ഥിതി ദിനം.
6. കരോട്ടുവീട്ടിൽ യൂയാക്കിം മാർ ഈവാനിയോസ് മെത്രാപ്പോലീത്തായുടെ 98-ാം ഓർമ്മ (പരുമല പള്ളി).
   ഔഗേൻ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 16-ാം ഓർമ്മ (വള്ളിക്കാട്ട് ദയറാ).
11. പെന്തിക്കോസ്തിക്കുശേഷം രണ്ടാം ഞായറാഴ്ച. മാർ ബർത്തുൽമായി ശ്ലീഹായുടെ ഓർമ്മ.
    ശെമവൂൻ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 134-ാം ഓർമ്മ (കോട്ടയം പുത്തൻപള്ളി)
15. വി. ദൈവമാതാവിന്റെ നാമത്തിൽ ആദ്യം പള്ളി സ്ഥാപിച്ചതിന്റെ ഓർമ്മ
16. ശ്ലീഹാ നോമ്പ് (13 നോമ്പ്) ആരംഭം
18. പെന്തിക്കോസ്തിക്കുശേഷം മൂന്നാം ഞായറാഴ്ച.
19. കർത്താവിന്റെ സഹോദരനും, യരുശലേമിന്റെ ഒന്നാമത്തെ എപ്പിസ്കോപ്പായും, ശ്ലീഹായും, സഹദായും, ആദ്യം വി. കുർബ്ബാന അനുഷ്ഠിച്ചയാളുമായ മാർ യാക്കോബിന്റെ ഓർമ്മ.
24. മാർ യോഹന്നാൻ മാംദാനായുടെ ജനനത്തിന്റെ ഓർമ്മ
25. പെന്തിക്കോസ്തിയ്ക്കുശേഷം നാലാം ഞായറാഴ്ച.
29. ശ്ലീഹാ നോമ്പ് (13 നോമ്പ്) വീടൽ. മാർ പത്രോസ്-മാർ പൗലോസ് ശ്ലീഹന്മാരുടെ ഓർമ്മ.
30. പന്ത്രണ്ട് ശ്ലീഹന്മാരുടെ ഓർമ്മ.



ഫാ. മനു വർഗ്ഗീസ് ജേക്കബ് ബറോഡ

# ശമര്യക്കാരി സ്ത്രീ – ഒരു പഠനം



വി. യോഹന്നാൻ എഴുതിയ നമ്മുടെ കർത്താവിന്റെ സുവിശേഷം 4-ാം അധ്യായം 4 മുതൽ 42 വരെയാണ് ശമര്യാക്കാരി സ്ത്രീയെക്കുറിച്ചുള്ള പ്രതിപാദ്യം. യേശുവിനെ പരിപൂർണ്ണമായി തന്റെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുകയും അതോടൊപ്പം മറ്റുള്ളവരെയും കർത്താവിങ്കലേക്ക് തിരിപ്പിച്ച് ക്രൈസ്തവ സഭയുടെ ഒരു ഉത്തമ കെട്ടുപണിക്കാരിയായി മാറുന്ന മഹനീയ മാതൃകയായി മാറുകയാണ് ഈ വന്ദ്യ സ്ത്രീ.

ദനഹാപ്പെരുന്നാളിന്റെ വെള്ളം വാഴ്വിന്റെ ശുശ്രൂഷയിലും അതോടൊപ്പം പെന്തിക്കോസ്തിപ്പെരുന്നാളിൽ രണ്ടാം ശുശ്രൂഷയിലും നാം ഈ വേദഭാഗം വായിച്ചു കേൾക്കുന്ന പല സന്ദർഭങ്ങളിലും ദേവാലയങ്ങളിലെ ആഘോഷവേളകളിൽ കുട്ടികൾ ഈ വേദഭാഗം ടാബ്ലോ ആയിട്ടും നാടകമായിട്ടുമൊക്കെ അവതരിപ്പിക്കുന്നു. സാധാരണയായി എല്ലാവർക്കും അറിയാവുന്ന ഒരു വേദഭാഗം.

കർത്താവ് യഹൂദ്യദേശം വിട്ട് ഗലീലയിലേക്ക് യാത്രയാവുകയാണ്. ഈ അവസരത്തിൽ സുഖാർ എന്ന ശമര്യപട്ടണത്തിൽ യാക്കോബ് തന്റെ പുത്രനായ യോസഫിന് കൊടുത്ത നിലത്തിനരികെ എത്തുന്നു. ഏകദേശം ആറാം മണി നേരമായപ്പോൾ യേശു ക്ഷീണിച്ചിട്ട് യാക്കോബിന്റെ ഉറവിനരികെ ഇരുന്നു.

ഈ സമയത്താണ് നട്ടുച്ച വെയിലത്ത് ശമര്യസ്ത്രീ അവിടെ നിന്നും വെള്ളം കോരുവാനായി ആ ഉറവനിനരികെ എത്തുന്നത് ശമര്യർക്ക് ആ സമയത്ത് മാത്രമേ അവിടുന്ന് വെള്ളം കോരുവാൻ അവകാശമുണ്ടായിരുന്നുള്ളൂ.

യേശു ഉടനെ എനിക്ക് കുടിപ്പാൻ വെള്ളം തരുമോ എന്ന് അവളോട് ചോദിക്കുകയുണ്ടായി. സ്ത്രീ ഉടനെ അന്നത്തെ ഉച്ചനീചത്വങ്ങളെക്കുറിച്ചാണ് കർത്താവിനോട് മറുപടിയായി പറയുന്നത്. അവൾ മനസ്സിലാക്കിയിടത്തോളം അന്നത്തെ വ്യവസ്ഥപ്രകാരം യഹൂദന്മാരും ശമര്യരും തമ്മിൽ സമ്പർക്കമില്ല. പിന്നെ യഹൂദനായവൻ തന്നോട് എങ്ങനെ എന്തിന് വെള്ളം ചോദിക്കണം??

നീ ദൈവത്തിന്റെ ദാനവും നിന്നോട് കുടിക്കാൻ ചോദിക്കുന്നവൻ ആരെന്നും അറിഞ്ഞു എങ്കിൽ നീ അവനോട് ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്ക് തരുകയും ചെയ്യുമായിരുന്നു എന്ന് യേശു ഉത്തരം പറഞ്ഞു. ആക്ഷരികമായിട്ടു അവൾക്ക് കർത്താവിനെ അപ്പോൾ മനസ്സിലാക്കുവാൻ സാധിക്കുന്നുള്ളു.

സ്ത്രീ അവനോട്; യജമാനനെ, നിനക്ക് കോരുവാൻ പാത്രം ഇല്ലല്ലോ; കിണർ ആഴമുള്ളതുമാകുന്നു. പിന്നെ ജീവനുള്ള വെള്ളം നിനക്ക് എവിടെ നിന്ന്? നമ്മുടെ പിതാവായ യാക്കോബിനെക്കാൾ നീ വലിയവനോ? അവൻ ആകുന്ന ഈ കിണർ ഞങ്ങൾക്ക് തന്നത്. അവനും അവന്റെ മക്കളും മൃഗങ്ങളും ഇതിലെ വെള്ളം കുടിച്ചു പോന്നു എന്ന് പറഞ്ഞു.

ഇതിന് മറുപടിയായി കർത്താവ് അവളോട് ''ഈ വെള്ളം കുടിക്കുന്നവന് എല്ലാം പിന്നെയും ദാഹിക്കും ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവരോ ഒരു നാളും ദാഹിക്കുകയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങിവരുന്ന നീരുറവയായിത്തീരും എന്ന് ഉത്തരം പറഞ്ഞു.

ഇത് എന്തെന്ന് മനസ്സിലാകാത്ത സ്ത്രീ അവനോട് ''യജമാനനേ, എനിക്ക് ദാഹിക്കാതെയും ഞാൻ കോരുവാൻ ഇവിടുത്തോളം വരാതെയുമിരിക്കേണ്ടതിന് ആ വെള്ളം എനിക്ക് തരേണം'' എന്ന് പറഞ്ഞു.

ആ അവസരത്തിൽ കർത്താവ്, അവളോട് നീ പോയി നിന്റെ ഭർത്താവിനെ വിളിച്ചുകൊണ്ടു വരിക എന്നാവശ്യപ്പെട്ടു. അവൾക്ക് ഭർത്താവില്ല എന്ന് അവൾ പറഞ്ഞപ്പോൾ നിനക്ക് അഞ്ചു ഭർത്താക്കന്മാർ ഉണ്ടായിരുന്നു. ഇപ്പോൾ ഉള്ളവനോ ഭർത്താവല്ല. നീ പറഞ്ഞതു സത്യം തന്നെ എന്ന് യേശു പറഞ്ഞു. തന്നെക്കുറിച്ച് തമ്പുരാൻ പറഞ്ഞപ്പോൾ അവളിൽ ആത്മീയമായ ഒരു ചലനം തന്നെ സംഭവിക്കുകയാണ്. അവൾ കർത്താവിനോട് ''യജമാനനേ, നീ പ്രവാചകൻ എന്നു ഞാൻ കാണുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ നമസ്കരിച്ചു വന്നു. നമസ്കരിക്കേണ്ട സ്ഥലം യെരൂശലേമിൽ ആകുന്നു എന്ന് നിങ്ങൾ പറയുന്നു എന്ന് പറഞ്ഞു. അവളുടെ അറിവ് അവൾ കർത്താവിന്റെ മുമ്പിൽ പകരുകയാണ്. അതിന് കർത്താവ് യഥാർത്ഥമായ ആരാധന എങ്ങനെ ആയിരിക്കണം എന്ന് അവളെ പറഞ്ഞു മനസ്സിലാക്കുന്നു.

യേശു അവളോട്, ''സ്ത്രീയേ എന്റെ വാക്ക് വിശ്വസിക്ക, നിങ്ങൾ പിതാവിനെ നമസ്കരിക്കുന്നത് ഈ മലയിലും അല്ല യെരൂശലേമിലും അല്ല എന്നുള്ള നാഴിക വരുന്നു. നിങ്ങൾ അറിയാത്തതിനെ നമസ്കരിക്കുന്നു. ഞങ്ങൾ അറിയുന്നതിനെ നമസ്കരിക്കുന്നു. രക്ഷ യഹൂദന്മാരുടെ ഇടയിൽ നിന്നല്ലോ വരുന്നത്. സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്കരിക്കുന്ന നാഴിക വരുന്നു. ഇപ്പോൾ വന്നുമിരിക്കുന്നു. തന്നെ നമസ്കരിക്കുന്നവർ ഇങ്ങനെയുള്ളവർ ആയിരിക്കേണം എന്ന് പിതാവ് ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം എന്നു പറഞ്ഞു.

ഈ അവസരത്തിൽ ശമര്യക്കാരി സ്ത്രീയുടെ അറിവ് തിരിച്ചറിവിലേക്ക് മാറ്റപ്പെടുകയാണ്. അവൾ അവനോട് ''മശിഹാ'' എന്നുവച്ചാൽ ക്രിസ്തു വരുന്നു എന്ന് ഞാൻ അറിയുന്നു. അവൻ വരുമ്പോൾ സകലവും അറിയിച്ചു തരും എന്ന് പറഞ്ഞു. ഉടൻ യേശു അവളോട് 'നിന്നോട് സംസാരിക്കുന്ന ഞാൻ തന്നെ മശിഹാ' എന്ന് പറഞ്ഞു.

കർത്താവിന്റെ ശിഷ്യന്മാർ ഈ സമയത്ത് അവിടേക്ക് കടന്നുവന്ന് ആശ്ചര്യപ്പെടുന്നെങ്കിലും അവനോട് ഒന്നും ചോദിക്കുന്നില്ല.

അപ്പോൾ സ്ത്രീ പാത്രം വച്ചിട്ട് പട്ടണത്തിൽ ചെന്ന് ജനങ്ങളോട് ''ഞാൻ ചെയ്തതൊക്കെയും എന്നോട് പറഞ്ഞ ഒരു മനുഷ്യനെ വന്നു കാണ്മിൻ. അവൻ പക്ഷേ ക്രിസ്തു ആയിരിക്കുമോ'' എന്ന് പറഞ്ഞു. ജനങ്ങളെല്ലാം പട്ടണത്തിൽ നിന്നും പുറപ്പെട്ട് ക്രിസ്തുവിന്റെ അടുക്കൽ വന്നു.

ശമര്യസ്ത്രീയുടെ വാക്കുനിമിത്തം ആ പട്ടണത്തിലെ, പല ശമര്യരും അവനിൽ വിശ്വസിച്ചു. ശമര്യർ കർത്താവിന്റെ സമീപത്തു വന്ന് തങ്ങളോടുകൂടി പാർക്കേണം എന്നാവശ്യപ്പെടുന്നു. അവൻ അവരോട് കൂടി രണ്ടു നാളുകൾ പാർത്തു. അവന്റെ വചനം കേട്ട് ഏറ്റവും അധികം പേർ അവനിൽ വിശ്വസിച്ചു.

ശമര്യസ്ത്രീയോട് അവർ നീ പറഞ്ഞതുകൊണ്ടല്ല അവർ തന്നെ അവനിൽ നിന്ന് കേൾക്കയും അവൻ സാക്ഷാൽ ലോകരക്ഷിതാവ് എന്ന് അറിയുകയും ചെയ്തിരിക്കുന്നു എന്ന് പറഞ്ഞു.

ക്രൈസ്തവദൗത്യം തന്റെ ജീവിതം മുഖേന വരച്ചു കാട്ടിയ ഒരു മഹനീയ വനിതാരത്നമാണ് ശമര്യാക്കാരി സ്ത്രീ. ക്രിസ്തുവിനെ ആദ്യം പ്രവാചകനായും പിന്നീട് മശിഹായായും അതുകഴിഞ്ഞ് ക്രിസ്തുവായും അവൾ മനസ്സിലാക്കുന്നു. ആ അറിവ് തിരിച്ചറിവിലേക്കും പിന്നീട് ദർശനത്തിലേക്കും വഴി മാറുന്നു.

വി. മത്തായി 28:16-20 ൽ ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു ശിഷ്യന്മാർക്ക് ഗലീലയിൽ മലയിൽ പ്രത്യക്ഷപ്പെടുന്നു. അവനെ കണ്ടപ്പോൾ അവർ നമസ്കരിച്ചു. ചിലർ സംശയിച്ചു. യേശു അടുത്തു ചെന്നു. ''സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്ക് നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട്, പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കല്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കി കൊൾവിൻ, ഞാനോ

ശേഷം 17-ാം പേജിൽ



ബിനു വി. വർഗ്ഗീസ്
(Civil Excise Officer, Excise Endorcement & Antinarcotic Special Squard, Pathanamthitta)

# ലഹരിയും നിയമപ്രശ്നങ്ങളും

സമൂഹത്തിൽ ഇന്ന് കാണുന്ന പല നേട്ടങ്ങളുടെയും പിന്നിൽ ചിന്താശേഷിയും, കർമ്മശേഷിയും, ലക്ഷ്യബോധവും ഉണ്ടായിരുന്ന ഒരു യുവതലമുറയുടെ കഠിനാധ്വാനം ദർശിക്കാൻ കഴിയും. എന്നാൽ ഈ നേട്ടങ്ങളുടെ പൊലിമ നശിപ്പിക്കുന്ന തരത്തിൽ പുതിയ കാലഘട്ടത്തിൽ കൗമാര പ്രായക്കാരിലും യുവാക്കളിലും ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നു. വിജ്ഞാനത്തിന്റെ ശ്രീകോവിൽ ആകേണ്ട വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോലും പുതിയ തലമുറയുടെ ലഹരിയുപയോഗം അരക്ഷിതാവസ്ഥയും അരാജകത്വവും സൃഷ്ടിക്കുന്നു.

സൗഹൃദത്തിന്റെയും സംസ്ക്കാരത്തിന്റെയും ഒത്തൊരുമയുടെയും കേന്ദ്രങ്ങളായിരുന്ന വായനാശാലകളും, സിനിമാശാലകളുമെല്ലാം പുതിയ തലമുറയ്ക്ക് അന്യമാകുന്നു. പകരം ലഹരിയുടെ പിടിയിലേക്ക് അറിഞ്ഞോ അറിയാതെയോ അവർ പെട്ടുപോകുന്നു. ഈ മഹാവിപത്തിൽ നിന്ന് അവരെ മോചിപ്പിച്ചേ മതിയാവു. ലഹരിക്കടത്തിലൂടെ ലഹരി മാഫിയ നമ്മുടെ സമ്പദ്‌വ്യവസ്ഥയെയാണ് തകർക്കുന്നത്. ഇത് ഒരു തരത്തിൽ രാജ്യദ്രോഹ പ്രവർത്തനമാണ്. നമ്മുടെ വിദ്യാർത്ഥികളെയും യുവാക്കളെയും അവർ നിയമക്കുരുക്കുകളിലേക്ക് എറിഞ്ഞു കൊടുക്കുകയുമാണ് ചെയ്യുന്നത്.

**ലഹരി**

എന്തെങ്കിലും ഒന്നിനോട് നമുക്ക് തോന്നുന്ന ഇഷ്ടവും അവ ലഭിക്കുമ്പോഴും ഉപയോഗിക്കുമ്പോഴും വീണ്ടും വീണ്ടും അത് വേണമെന്ന തോന്നൽ ഉണ്ടാക്കുകയും അതു കൊണ്ട് സന്തോഷം അനുഭവപ്പെടുകയും ചെയ്യുന്ന അവസ്ഥയാണ് ലഹരി.

ഒരു വ്യക്തിക്ക് രണ്ട് തരത്തിലുള്ള ലഹരികൾ ഉണ്ടാകാം.

1. **നല്ലതിനോടുള്ള ലഹരി**

   ഇഷ്ടപ്പെടുമ്പോൾ വ്യക്തിക്കോ കുടുംബത്തിനോ സമൂഹത്തിനോ പ്രശ്നങ്ങൾ ഉണ്ടാക്കാത്ത ഇഷ്ടങ്ങളാണ് നല്ല ലഹരി.

   ഉദാ : സംഗീതം, വായന, യോഗ, മെഡിറ്റേഷൻ, കലകൾ, കായികവിനോദങ്ങൾ

2. **മോശമായ ലഹരി**

   ഇഷ്ടപ്പെടുമ്പോൾ വ്യക്തിക്കോ കുടുംബത്തിനോ സമൂഹത്തിനോ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന (ആരോഗ്യപരമായോ, സാമ്പത്തികമായോ, മാനസികമായോ) ഇഷ്ടങ്ങളെയാണ് മോശം ലഹരി എന്നു പറയുന്നത്.

   ഉദാ : ലഹരി വസ്തുക്കളോടുള്ള ഇഷ്ടം,

മൊബൈലിനോടുള്ള അമിതമായ താല്പര്യം, പണത്തോടുള്ള ആസക്തിയും, അവ ചിലവാക്കാനുള്ള താല്പര്യം, നിയമ ലംഘനങ്ങളോടുള്ള ഇഷ്ടം, നല്ലതല്ലാത്ത സൗഹൃദങ്ങൾ.

**അഡിക്ഷൻ**

ഒരു വ്യക്തിക്ക് എന്തെങ്കിലും ഒരിഷ്ടം ഒരു വസ്തു നൽകുമ്പോൾ യഥാർത്ഥത്തിൽ ആ വ്യക്തിയുടെ തലച്ചോറിൽ ഡോപ്പമിൻ ഉല്പാദനമാണ് നടക്കുന്നത്. ഉൽപ്പാദിപ്പിക്കുന്ന ഡോപ്പമിന്റെ തോത് സന്തോഷത്തിലും വ്യതിയാനമുണ്ടാക്കുന്നു. ലഹരി വസ്തുക്കൾ പോലെയുള്ള സാധനങ്ങൾ ഒരു വ്യക്തി ഉപയോഗിക്കുമ്പോൾ ഉല്പാദിപ്പിക്കുന്ന ഡോപ്പമിന്റെ അളവ് കൂടുതലാകുന്നതുകൊണ്ട് വ്യക്തിക്ക് കൂടുതൽ സന്തോഷം അനുഭവപ്പെടുന്നു. ഈ സന്തോഷം വീണ്ടും ലഭിക്കുന്നതിന് വ്യക്തി തുടർന്നും ലഹരി വസ്തുക്കൾ ഉപയോഗിക്കുന്നു. ഇങ്ങനെ തുടരെയുള്ള ലഹരിയുടെ ഉപയോഗത്തിലേക്ക് വ്യക്തി പെട്ടുപോകുന്ന അവസ്ഥയെ അഡിക്ഷൻ എന്ന് വിളിക്കുന്നു.

**നിയമപരവും സാമൂഹികപരവുമായ പ്രശ്നങ്ങൾ**

1. **മന്ദീഭാവങ്ങൾ (Depressants)**

   തലച്ചോറിലെ കേന്ദ്രനാഡീവ്യവസ്ഥയുടെ പ്രവർത്തന വേഗത കുറയ്ക്കുന്നു. ഇവ ഉപയോഗിച്ച് കഴിയുമ്പോൾ ചിന്തിക്കുവാനുള്ള കഴിവുകളിൽ വേഗത കുറവ് (DELAY) സംഭവിക്കുന്നു. ഈ വലഹമ്യ വന്നാൽ അപകടങ്ങളിലേക്ക് പോകുവാനുള്ള സാധ്യത കൂടുതലാണ്.

2. **ഉത്തേജകങ്ങൾ (Stimulants)**

   തലച്ചോറിലെ കേന്ദ്രനാഡീവ്യവസ്ഥയുടെ വേഗത കൂടുന്നു. ഹൃദയമിടിപ്പും, രക്ത സമ്മർദ്ദവും കൂടുന്നതിനോടൊപ്പം ശരീരത്തിൽ വലിയ ഊർജ്ജ പരിവർത്തനം സംഭവിക്കുന്നു. അത് അസാമാന്യ ധൈര്യത്തിന് കാരണമാവുന്ന പരിവർത്തനം സംഭവിക്കുന്നു. അത് അസാമാന്യ ധൈര്യത്തിന് കാരണമാവുന്നതുകൊണ്ട് ചില ക്രിമിനൽ പ്രവർത്തനത്തിന് പോലും കാരണമാകുന്നു.

3. **വിഭ്രമജനകങ്ങൾ**

   തലച്ചോറിൽ മതിഭ്രമങ്ങളോ യാഥാർത്ഥ്യങ്ങളോ അല്ലാത്ത കാഴ്ചകൾ സൃഷ്ടിക്കുന്നു. ഡി.ജെ. പാർട്ടികൾ പോലുള്ള വേദികളിൽ പലപ്പോഴും ഇത്തരം മയക്കുമരുന്നുകൾ ഉപയോഗിക്കപ്പെടാറുണ്ട്.

ലഹരിയുണ്ടാക്കുന്ന സാമൂഹിക പ്രശ്നങ്ങൾ

1. **തകരുന്ന കുടുംബ ബന്ധങ്ങൾ**

   ലഹരിമൂലം നിരവധി കുടുംബങ്ങളാണ് ഇന്ന് കേരളത്തിൽ തകർന്നടിയുന്നത്. പട്ടിണി നിത്യസംഭവമായി മാറുകയും, കുട്ടികളുടെ വളർച്ചയും, വിദ്യാഭ്യാസവും വഴിമുട്ടുകയും ചെയ്യുന്നു. കുടുംബങ്ങളുടെ മാന്യത നഷ്ടപ്പെടൽ, കടബാധ്യതകൾ എന്നിവ ലഹരിമൂലമുണ്ടാകുന്നു.

2. **തൊഴിൽ പ്രശ്നങ്ങൾ**

   കൃത്യമായി ജോലിക്ക് എത്താൻ സാധിക്കാതിരിക്കുക. ജോലിയിലെ നൈപുണ്യം നഷ്ടപ്പെടുക, ജോലിക്കിടയിൽ അപകടങ്ങളുണ്ടാകുക എന്നിവയൊക്കെ ലഹരിയുടെ ഉപയോഗം കൊണ്ട് സംഭവിക്കുന്നു.

3. **വാഹനാപകടങ്ങൾ**

   തലച്ചോറിന്റെ നാഡീവ്യവസ്ഥകൾക്കുണ്ടാകുന്ന വ്യതിയാനങ്ങൾ അലക്ഷ്യമായി വാഹനമോടിക്കുന്നതിന് കാരണമാകുന്നു. ചില കാര്യങ്ങൾ ചിന്തിച്ച് പ്രവർത്തിക്കാനുള്ള കാലതാമസം ബ്രേക്ക് ചെയ്യേണ്ട സമയത്ത് ചെയ്യാൻ സാധിക്കാതെ വരുമ്പോൾ എന്തു സംഭവിക്കുമെന്ന് പറയേണ്ടതില്ലല്ലോ.

4. **കുറ്റകൃത്യങ്ങൾ**

   ചില ലഹരിയുടെ ഉപയോഗം ആത്മനിയന്ത്രണം നഷ്ടമാക്കുന്നു. സ്ഥലകാലബോധവും യാഥാർത്ഥ്യബോധവുമില്ലാതാകുമ്പോൾ കുറ്റവാസന സാധ്യത വർദ്ധിക്കുന്നു.

5. **ആത്മഹത്യ**

   ലഹരി ഒരാളുടെ ശാരീരിക സുസ്ഥിതിയെ മാത്രമല്ല മാനസിക സമനിലയേയും ബാധിക്കും. ചില പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവ പരിഹരിക്കാനുള്ള ചിന്താശക്തികൾ നശിച്ചുപോകുന്നതുകൊണ്ട് ആത്മഹത്യയാണ് പോംവഴി എന്ന് ചിന്തിക്കുന്നു.

ലഹരിക്കെതിരായ നിയമങ്ങൾ

1. **COTPA Act 2003**

   പുകയില ഉല്പന്നങ്ങളുടെ നിർമ്മാണം, വിതരണം, പരസ്യം എന്നിവയ്ക്ക് മേൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള നിയമമാണിത്.

പൊതുസ്ഥലത്ത് പുകവലിക്കുക, പതിനെട്ടു വയസ്സിൽ താഴെയുള്ളവർക്ക് ഇത്തരം വസ്തുക്കൾ വിൽക്കുക, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ഇത്തരം വസ്തുക്കൾ വിൽക്കുക എന്നിവയൊക്കെ തടയുന്നത് ഈ നിയമം മൂലമാണ്.

2. **അബ്കാരി ആക്ട് 1077**

സർക്കാർ അനുമതിയില്ലാതെ മദ്യം സൂക്ഷിക്കുന്നതോ വിൽക്കുന്നതോ ഈ നിയമത്തിന്റെ പരിധിയുള്ള വിഷയമാണ്. പത്ത് വർഷം വരെ തടവു ലഭിക്കാവുന്ന വ്യവസ്ഥകൾ ഈ നിയമത്തിലുണ്ട്.

3. **NDPS Act**

മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള നിയമമാണിത്. ചില മയക്കുമരുന്നുകൾ 0.5 ഗ്രാ കൈവശം വയ്ക്കുന്നതുപോലും ജാമ്യം ലഭിക്കാത്ത കുറ്റകൃത്യങ്ങളിൽ പെടാൻ സാധ്യതയുണ്ട്. നാൽപ്പതു വർഷം വരെ ശിക്ഷയോ ചിലപ്പോൾ വധശിക്ഷകളോ ലഭിക്കുന്നതിന് ഈ നിയമം കാരണമായേക്കാം.

**ലഹരിക്കെതിരെ എന്ത് ചെയ്യണം**

ലഹരിയുടെ അപകടത്തെക്കുറിച്ച് കൃത്യമായി മനസ്സിലാക്കുക.

ജീവിതം നശിപ്പിക്കുന്ന യാതൊരു ലഹരിയും ഉപയോഗിക്കില്ലെന്ന് പ്രതിജ്ഞ എടുക്കുക.

ലഹരിക്ക് അടിമയായവരെ അകറ്റി നിർത്താതെ സ്നേഹത്തോടുകൂടി പെരുമാറി അവരുടെ ജീവിതത്തെ തിരിച്ചു പിടിക്കാൻ ശ്രമിക്കുക.

ലഹരിയുടെ ലോകത്തേക്ക് പെട്ടുപോയവരുണ്ടെങ്കിൽ അവരെ സ്നേഹത്തോടുകൂടി പറഞ്ഞ് പിൻമാറ്റുന്നതിനോ ലഹരിമുക്ത കേന്ദ്രങ്ങളിലെത്തിച്ച് ചികിത്സ നൽകുന്നതിനുള്ള സഹായങ്ങൾ നൽകുക.

അനധികൃതമായ ലഹരി വസ്തുക്കളുടെ വിൽപ്പനയോ സാന്നിദ്ധ്യമോ കണ്ടാൽ ഉത്തരവാദിത്വമുള്ള അധികാരികളെ അറിയിക്കുക.

ഇവ ഉപയോഗിക്കാൻ മറ്റുള്ളവർ പ്രേരിപ്പിച്ചാൽ സൗമ്യമായി നിരസിക്കുക.

## 'Say No'

14-ാം പേജിൽ നിന്നും തുടർച്ച

ലോകാവസാനത്തോളം എല്ലാ നാളും നിങ്ങളോട് കൂടെ ഉണ്ട്'' എന്ന് അരുളി ചെയ്തു.

ഈ ഒരു സുവിശേഷ ദൗത്യം ക്രിസ്തുവിന്റെ മനുഷ്യാവതാരകാലത്ത് അവന്റെ പരസ്യശുശ്രൂഷാവേളയിൽ തന്നെ നെഞ്ചിലേറ്റിയ ഒരു ധീരവനിതയാണ് ശമര്യാക്കാരി സ്ത്രീ. അവളുടെ സുവിശേഷീകരണം മുഖേന അവളുടെ ജാതിയിൽപ്പെട്ട അനേകർ ക്രിസ്തുവിലേക്ക് തിരിഞ്ഞു.

ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു നമ്മോടും ആവശ്യപ്പെടുന്നത് ഈ സുവിശേഷ ദൗത്യം തന്നെയാണ്. നാം ആയിരിക്കുന്ന ഇടങ്ങളിലും നമ്മുടെ കുടുംബങ്ങളിലും നമ്മുടെ പ്രവർത്തന മേഖലയിലും നമ്മുടെ സാമൂഹിക ജീവിതത്തിലും ഈ ഒരു സുവിശേഷ ദൗത്യം നമുക്കുണ്ട് എന്ന് നാം ഓർക്കണം. അതിന് ശമര്യാക്കാരി സ്ത്രീയുടെ ജീവിതം നമുക്ക് മാതൃകയാക്കാം.

# അന്യം നിന്നുപോയ പ്രാർത്ഥന

ദൈവമേ കൈതൊഴാം
ദൈവമേ കൈതൊഴാം
കേൾക്കുമാറാകണം
പാവമാമെന്നെ നീ കാക്കുമാറാകണം
എന്നുള്ളിൽ ഭക്തിയുണ്ടാകുമാറാകണം
നിന്നെ ഞാനെന്നുമേ കാണുമാറാകണം
നേർവഴിക്കെന്നെ നീ കൊണ്ടുപോയീടണം
നേർവരും സങ്കടം ഭസ്മമാക്കീടണം
ദുഷ്ടസംസർഗം വരാതെയായീടണം
ശിഷ്ടരായുള്ളവർ തോഴരായീടണം
നല്ലകാര്യങ്ങളിൽ പ്രേമമുണ്ടാകണം
നല്ലവാക്കോതുവാൻ ത്രാണിയുണ്ടാകണം
കൃത്യങ്ങൾ ചെയ്യുവാൻ ശ്രദ്ധയുണ്ടാകണം
സത്യം പറഞ്ഞീടാൻ ശക്തിയുണ്ടാകണം
ദൈവമേ കൈതൊഴാം കേൾക്കുമാറാകണം

രചന : പന്തളം കേരളവർമ്മ



# ദാമ്പത്യ ജീവിതത്തിലെ പ്രശ്നങ്ങളിലേക്കുള്ള ഒരു എത്തിനോട്ടം

ഫാ. ജസ്റ്റിൻ അനിയൻ
(Consultant Psychologist, Mavelikara)

കുടുംബം ഭൂമിയിലെ പറുദീസായെന്നാണ് വിശ്വാസം. കാരണം സ്നേഹം പൂവണിയുന്നതും ജീവൻ രൂപം കൊള്ളുന്നതും കുടുംബത്തിലാണ്; ജീവിതം വികസ്വരമാകുന്നതും അമൂല്യവും അനർഘവുമായ വ്യക്തിത്വം രൂപീകൃതമാകുന്നതും കുടുംബത്തിലാണ്. ജീവിതത്തിലെ ഏറ്റവും ചേതോഹരവും മധുരോദാരവുമായ സ്നേഹബന്ധങ്ങൾ പൂത്തുലയുന്നത് കുടുംബത്തിലാണ്. വ്യക്തിബന്ധങ്ങളുടെ അമൂല്യതയും അതിന്റെ ആഴവും അറിയുന്നതും അനുഭവിക്കുന്നതും കുടുംബത്തിലല്ലാതെ മറ്റെങ്ങുമല്ല.

എന്നാൽ ഇന്നത്തെ സാമൂഹ്യ പശ്ചാത്തലത്തിൽ നിന്നുകൊണ്ട് കുടുംബജീവിതത്തെ വീക്ഷിക്കുമ്പോൾ പല ദാമ്പത്യങ്ങളും പരാജയത്തിന്റെ വഴിയിലാണ്. മിക്ക കുടുംബങ്ങളും തകർച്ചയിലേക്കു കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. ഭാര്യാഭർത്താക്കന്മാർ തമ്മിലും പണ്ടുണ്ടായിരുന്ന അടുപ്പവും സ്നേഹവും ഇന്നില്ല. ആർക്കും സഹനശേഷിയോ വിട്ടുവീഴ്ച മനോഭാവമോ ഇല്ല. പലരും മാനസിക വ്യക്തിത്വ വൈകല്യങ്ങൾക്കും ലഹരി വസ്തുക്കളോടുള്ള അമിതാസക്തിക്കും വിവാഹപൂർവ്വ ബന്ധങ്ങൾക്കും മൊബൈൽ ഫോണിലൂടെയുള്ള സെക്സ് ചാറ്റുകൾക്കും അടിമകളാണെന്ന് പുതിയ പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. ഇങ്ങനെയുള്ള പ്രശ്നങ്ങളാൽ പല ദാമ്പത്യബന്ധങ്ങളും തകരുകയാണ്. ദാമ്പത്യ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ വരുമ്പോൾ പലപ്പോഴും കുടുംബകോടതികൾ മുഖേന പലരും ഡിവോഴ്സിലേക്കും, അല്ലെങ്കിൽ മയക്കുമരുന്നുകളുടെ അമിത ഉപയോഗത്തിലേക്കും, ആത്മഹത്യയിലേക്കും അഭയം തേടുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

ദാമ്പത്യ പ്രശ്നങ്ങൾക്ക് ഒട്ടേറെ കാരണങ്ങളുണ്ടെന്ന് മുകളിൽ പറഞ്ഞിട്ടുള്ളതും പൊതുവായി ഇവയെ വിശകലനം ചെയ്യുമ്പോൾ നമുക്കിതിനെ 5 ആയി വേർതിരിക്കാം.

1. ശാരീരികം 2. മാനസികം
3. ലൈംഗികം 4. സാമ്പത്തികം 5. കുടുംബപരം

## 1. ശാരീരികം

ശാരീരികാരോഗ്യം നശിക്കുമ്പോഴും രോഗത്താൽ ആരോഗ്യം നഷ്ടപ്പെട്ടുപോകുമ്പോഴും ദാമ്പത്യത്തിൽ പ്രശ്നങ്ങൾ തലപൊക്കാനിടയുണ്ട്. ശാരീരിക ശുചിത്വമില്ലായ്മ ദാമ്പത്യപ്രശ്നങ്ങൾക്കിടയാക്കാം. ശാരീരികാപര്യാപ്തതയും രോഗവും വ്യക്തിയിലും ചിലപ്പോൾ തെറ്റിദ്ധാരണകൾ ജനിപ്പിച്ചേക്കാം. തന്റെ സൗന്ദര്യം / ആരോഗ്യം നശിക്കുന്നതുകൊണ്ട് പങ്കാളിക്ക് തന്നോടുള്ള സ്നേഹത്തിൽ കുറവും വന്നിരിക്കുന്നു എന്ന സംശയവും, ഉത്കണ്ഠയും ഉണ്ടാകാനും അത് പെരുമാറ്റത്തിൽ പ്രതിഫലിക്കാനുമിടയാക്കും. ക്രമേണ അത് ദാമ്പത്യപ്രശ്നങ്ങളിലേക്ക് വഴുതിവീഴുന്നു.

2. **മാനസികം**

ദമ്പതികളിലെ വ്യക്തിത്വ വൈകല്യങ്ങൾ പലപ്പോഴും ദാമ്പത്യപ്രശ്നങ്ങൾക്ക് കാരണമാകും. വ്യക്തിയിലെ പക്വത കുറവ് ദാമ്പത്യപ്രശ്നങ്ങൾക്ക് കാരണമാകാം. മനോഭാവത്തിലും പ്രകൃതത്തിലും വ്യതിരിക്തത പല പ്രശ്നങ്ങളും സൃഷ്ടിക്കും. മാനസികാരോഗ്യങ്ങൾ ദാമ്പത്യത്തിൽ പ്രശ്നങ്ങളുണ്ടാക്കും. ചിലരിൽ സ്വഭാവേന ക്രൂരസ്വഭാവം (Selism) കണ്ടുവരുന്നുണ്ട്. ഇക്കൂട്ടർ എപ്പോഴും ഏതെങ്കിലും തരത്തിൽ പങ്കാളിയെ മാനസികമായും ശാരീരികമായും വേദനിപ്പിച്ചു കൊണ്ടിരിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നവരാണ്. ചിലർ വിവാഹത്തോടുള്ള ശരിയായതും പക്വവുമായ കാഴ്ചപ്പാടിന്റെ അഭാവം, വികലമായ ധാരണകൾ, ആധിപത്യ പ്രവണത, പങ്കാളിയെ താൻ ആഗ്രഹിക്കുന്ന തരത്തിൽ മാറ്റിയെടുക്കാൻ ശ്രമിക്കുക,തും, ശരിയായ സ്നേഹത്തിന്റെ അഭാവം, ഭാര്യാഭർതൃ റോളുകളെക്കുറിച്ച് അറിഞ്ഞ് പെരുമാറാൻ കഴിയാത്ത കാരണങ്ങൾ, അമിതമായ സങ്കല്പങ്ങളും, വലിയ പ്രതീക്ഷകളും വച്ചു പുലർത്താൻ, മതപരമായ വ്യത്യാസങ്ങൾ, ഭാര്യാഭർത്താക്കന്മാരുടെ ആശയവിനിമയത്തിന്റെ പോരായ്മകൾ ഇവയെല്ലാം ദാമ്പത്യ ബന്ധങ്ങളുടെ തകർച്ചയിലേക്ക് നയിക്കപ്പെടുന്നു.

3. **ലൈംഗികം**

ലൈംഗിക ജീവിതം അസ്വസ്ഥമാകുമ്പോൾ അത് ദാമ്പത്യ പ്രശ്നങ്ങൾക്കിടയാകും. മനുഷ്യന്റെ ശാരീരിക സംവിധാനം മൊത്തത്തിൽ ലൈംഗിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാൽ ശരിയായ ലൈംഗിക സംതൃപ്തി കൈവരിച്ചേ മതിയാകൂ.

ദാമ്പത്യപൂർവ്വ ലൈംഗിക ബന്ധങ്ങൾ, ലൈംഗികമായ അപര്യാപ്തതകൾ, ലൈംഗിക പൊരുത്തക്കേടുകൾ, കൃത്രിമ ജനനനിയന്ത്രണോപാധികളുടെ ഉപയോഗം, കിടപ്പറയിൽ ഇണയെ അവഗണിക്കുന്നതും, ഇണയോട് ലൈംഗിക വൈരാഗ്യം വച്ചു പുലർത്തുന്നതും, സ്ത്രീകളിലുണ്ടാകുന്ന ലൈംഗിക ജഡതയും (fridigity) ലൈംഗിക വൈകൃതങ്ങളും ദാമ്പത്യപ്രശ്നങ്ങളിലേക്ക് നയിക്കപ്പെടുന്നു.

4. **സാമ്പത്തികം**

പണസംബന്ധമായ ഇല്ലായ്മകളെക്കുറിച്ചുള്ള കലഹങ്ങൾ, സ്ത്രീധനപ്രശ്നവും സ്വത്ത് സംബന്ധിച്ച പ്രശ്നവും, "ഞാനുണ്ടാക്കുന്ന പണം എന്റെ ഇഷ്ടമനുസരിച്ച് ചെലവാക്കും" എന്ന മട്ടിലുള്ള സംസാരവും, പെരുമാറ്റവും ദാമ്പത്യപ്രശ്നങ്ങൾക്ക് കാരണമാകാറുണ്ട്.

5. **കുടുംബപരം**

കുടുംബത്തിൽ മാതാപിതാക്കളും, സഹോദരങ്ങളും കുഴപ്പക്കാരാകുമ്പോഴും, നിസ്സാര പ്രശ്നത്തിന് മകളെ കൂട്ടിക്കൊണ്ടു പോകുന്ന ഭാര്യവീട്ടുകാരും, മകനെ സ്വന്തം തണലിൽ നിർത്താൻ ശ്രമിക്കുന്ന ഭർതൃവീട്ടുകാരും പ്രശ്നക്കാരായിരിക്കും. കലഹത്തിന് വഴിയൊരുക്കുന്ന മാതാപിതാക്കളും അപൂർവ്വമല്ല.

കുട്ടികളെ വളർത്തുന്നതിലും, പരിപാലിക്കുന്നതിലും വീട്ടുകാര്യങ്ങൾ നോക്കുന്നതിലുമെല്ലാം പരസ്പരം ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ ഭാര്യയും, ഭർത്താവും തയ്യാറാകാതെ വരുമ്പോൾ ഉണ്ടാകുന്ന പ്രശ്നങ്ങൾ വഴക്കിലും, അടിപിടിയിലും കലാശിക്കുന്നു. ഭാര്യയോ ഭർത്താവോ സാമൂഹ്യരാഷ്ട്രീയ രംഗത്ത് സജീവമായി പ്രവർത്തിക്കേണ്ടിവരുന്ന സാഹചര്യങ്ങളും അതുപോലെ തന്നെ കുടുംബത്തെ മറന്നുകൊണ്ടുള്ള ഏതു പ്രവർത്തനവും ദാമ്പത്യപ്രശ്നങ്ങൾ വളർത്തും.

മക്കളെ വളർത്തുന്നതിൽ ഏകാഭിപ്രായമില്ലെങ്കിലും ദാമ്പത്യത്തിൽ അപസ്വരങ്ങളുണ്ടാകും. പ്രണയ വിവാഹത്തിന്റെ കാര്യത്തിൽ മാതാപിതാക്കളുടെയും ബന്ധുക്കളുടെയും തിരസ്ക്കരണവും, സമൂഹത്തിന്റെ എതിർപ്പും പ്രണയ ദമ്പതികളെ സാമൂഹികമായ ഒറ്റപ്പെടുത്തലിലേക്ക് കൊണ്ടെത്തിക്കുന്നു. പങ്കാളിയുടെ അറിവില്ലായ്മയിൽ നിന്നുടലെടുക്കുന്ന പ്രശ്നങ്ങളും, സ്വഭാവിക പൊരുത്തക്കേടുകളും പ്രകൃതത്തിലെ വിഭിന്നതകളും ഒക്കെ പ്രത്യക്ഷപ്പെട്ടു തുടങ്ങുമ്പോൾ കുറ്റപ്പെടുത്തലിലേക്കും ക്രമേണ താളപ്പിഴകളിലേക്കും നയിക്കുന്നു. ഇത്തരം പ്രശ്നങ്ങൾ രൂക്ഷമാകുമ്പോൾ അത് ദാമ്പത്യ തകർച്ചയിലും എത്തിപ്പെടുന്നു.

"ദാമ്പത്യബന്ധങ്ങളിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ തക്കവണ്ണം പ്രശ്നങ്ങൾ ഉടലെടുക്കുന്ന സമയത്ത് കൗൺസിലിംഗിൽ പ്രവൃത്തി പരിചയമുള്ള അല്ലെങ്കിൽ ക്വാളിഫൈഡ് ഉള്ള ഫാമിലി കൗൺസിലറിന്റെ അടുത്ത് പോകുന്നത് അഭികാമ്യമായിരിക്കും.



ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിൽ
(വൈദിക ട്രസ്റ്റി)

# സത്യാനന്തര വിശുദ്ധി

"പീലാത്തോസ് അവനോട് സത്യം എന്നാൽ എന്ത് എന്ന് പറഞ്ഞു"
യോഹ. 18:38

സത്യത്തിന്റെ പരികർമ്മണം നടത്തേണ്ട ഒരു ന്യായാധിപന്റെ വിലാപമാണിത്. നീതിപീഠങ്ങൾ സത്യത്തെ തിരിച്ചറിയേണ്ട കാലത്ത് സമ്മർദ്ദങ്ങൾക്ക് കീഴ്പ്പെടുമ്പോൾ പീലാത്തോസിന്റെ കോടതിയിൽ ഉയർന്ന എന്താണ് സത്യം എന്ന ആ ചോദ്യം ഇന്നും പ്രകമ്പനം കൊള്ളും. കോടതിമുറിയിൽ ഉയരുന്ന വാദപ്രതിവാദങ്ങളുടെ നിഴലും പൊരുളും തിരിച്ചറിഞ്ഞുള്ള സത്യത്തിന്റെ സംരക്ഷണമാണ് ഒരു ന്യായധിപൻ - ഭരണാധികാരി - നിർവ്വഹിക്കേണ്ടത്. എന്നാൽ ക്രിസ്തുവിനെ വിസ്തരിച്ച കോടതിയിൽ സത്യം കൺമുൻപിൽ നിൽക്കുമ്പോൾ ആ ന്യായാധിപൻ വിലപിക്കുകയാണ് എന്താണ് സത്യമെന്ന്. സത്യം തമസ്ക്കരിക്കുന്നിടത്താണ് ക്രൂശുകൾ ഉയർത്തപ്പെടുന്നത്. ന്യായഅന്യായങ്ങളുടെ പൊരുൾ തിരിച്ചറിഞ്ഞ് കുറ്റവാളിയുടെ കുറ്റം സംശയരഹിതമെന്നേ തെളിയിക്കപ്പെടുമ്പോൾ മാത്രമേ നീതിപീഠങ്ങൾ വിധിപ്രസ്താവം നടത്താറുള്ളൂ. ഇവിടെ അവനിൽ യാതൊരു കുറ്റവും കാണുന്നില്ല എന്ന് സംശയരഹിതമെന്ന പ്രസ്താവിക്കയും നിങ്ങളവനെ കൊണ്ടുപോയി ക്രൂശിച്ചുകൊള്ളുവിൻ എന്ന് വിധി പ്രസ്താവിക്കുകയും ചെയ്യുന്ന ന്യായവിസ്താരത്തിന്റെ പൊള്ളത്തരമാണ് വെളിവാകുന്നത്. ഇത് ഇന്നും നീതിപീഠങ്ങളെ വിസ്മയിപ്പിക്കുന്നുണ്ടാവും.

കയ്യെത്തുന്ന അകലത്ത് സത്യം നില കൊണ്ടപ്പോൾ അത് കൈനീട്ടി തൊടാൻ കഴിയാതെ ഇരുട്ടിൽ തപ്പുകയാണ് പീലാത്തോസ് എന്ന ന്യായാധിപൻ. ഭാരതത്തിന്റെ അപ്പോസ്തോലനായ തോമാശ്ലീഹായോട് നിന്റെ വിരൽ ഇവിടെ കൊണ്ടുവരിക, വിലാപ്പുറങ്ങളെ കൈനീട്ടി തൊട്ടുകൊള്ളുക എന്ന് ക്രിസ്തു നിർദ്ദേശിക്കുമ്പോൾ വ്യക്തമാകുന്നത് സത്യത്തെ കൈനീട്ടി തൊടാനുള്ളത് എന്നാണ്. രാഷ്ട്രീയ തിമിരം ബാധിച്ചവർക്കും, സ്വകാര്യതാല്പര്യങ്ങൾ സംരക്ഷിക്കേണ്ടവർക്കും പക്ഷപാത താല്പര്യങ്ങൾ സംരക്ഷിക്കേണ്ടവർക്കും സത്യത്തെ അറിയുവാൻ താല്പര്യമില്ലാതെ അലസമായി ചോദിക്കാം പീലാത്തോസിനെപ്പോലെ എന്താണ് സത്യമെന്ന്. സത്യത്തെ അറിയുവാൻ ആഗ്രഹിക്കുന്നവർ അലസമായ ചോദ്യമല്ല ഉന്നയിക്കേണ്ടത് സത്യത്തെ തൊട്ടുമനസ്സിലാക്കാനുള്ള ആത്മാർത്ഥമായ അന്വേഷണമാണ് നടത്തേണ്ടത്. കൺമുമ്പിലെ സത്യം മറന്ന് വിധിപ്രസ്താവം നടത്തിയതിന് പീലാത്തോസ് തന്റെ ജീവിതം കൊണ്ടാണ് വിലപറഞ്ഞത്. സത്യത്തെ ബലികൊടുക്കുന്ന

ഏതൊരാൾക്കും ചരിത്രം കാത്തുസൂക്ഷിക്കുന്ന അനിവാര്യമായ വിധിയാണത്. ക്രിസ്തു എന്ന പരമമായ സത്യത്തെ ഇല്ലാതെയാക്കാൻ നാലു ശ്രമങ്ങൾ നടക്കുന്നു. ഈ ശ്രമങ്ങളെയാണ് നാം ധ്യാനിക്കേണ്ടത്.

**1. Money Manipulation**

'അവർ അവന് മുപ്പതു വെള്ളിക്കാശ് തൂക്കി കൊടുത്തു'' (മത്തായി 26:15).

സത്യത്തെ ക്രൂശിക്കുവാൻ ലോകം എപ്പോഴും കൂട്ടുപിടിക്കുന്നത് ഉപഭോഗ താല്പര്യങ്ങളുടെ ഊതിപ്പെരുപ്പിക്കലാണ്. യൂദായുടെ മനസ്സിലെ അധികാരത്തെപ്പറ്റിയും സമ്പത്തിനെപ്പറ്റിയും ഉള്ള നഷ്ടബോധങ്ങളെ ഭംഗിയായി ചൂഷണം ചെയ്ത് സത്യത്തെ ഒറ്റുകൊടുക്കാൻ അവനെ പ്രേരിപ്പിക്കുന്നു. നസ്രായനായ യേശു വിനെ ഞാൻ നിങ്ങൾക്ക് കാണിച്ചുതരാം പകരം നിങ്ങൾ എനിക്കെന്തു തരും എന്ന ചോദ്യം ഉപഭോഗതയുടെ തിമിരം ബാധിച്ച ഒരു ശിഷ്യന്റെ ചോദ്യം മാത്രമല്ല സമൂഹത്തിൽ പിന്നീടാവർത്തിച്ച എല്ലാ ശിഷ്യന്മാരുടെയും ചോദ്യമാണ്. മുപ്പതു വെള്ളിക്കാശിന്റെ പ്രലോഭന മുയർത്തി യൂദാമാരെ കൈകാര്യം ചെയ്യാനുള്ള മിടുക്ക് എന്നും ഹന്നാൻ കയ്യാപ്പ അധികാരവർഗ്ഗത്തി നുണ്ട്. ആ മിടുക്കാണ് സത്യത്തെ അന്നും ഇന്നും നിര ന്തരം ക്രൂശീകരണത്തിന് വിധേയമാക്കുന്നത്. മുപ്പതു വെള്ളിക്കാശ് യൂദായുടെ വ്യക്തിത്വത്തെ അടിമുടി മാറ്റിയെഴുതുകയാണ്. ഒരു ശിഷ്യൻ തന്റെ ഗുരുവിനെ ഗുരോ എന്ന് വിളിക്കുന്നത് എത്ര വിനയപൂർവ്വവും ആദരപൂർവ്വവുമാണ്. എന്നാൽ ഉപഭോഗതയ്ക്ക് കീഴ്പ്പെട്ട യൂദയ്ക്ക് അതൊരു അടയാളം മാത്രമാണ്. ഗുരുവിനെ ചുംബിക്കുന്ന ശിഷ്യൻ ഗുരുശിഷ്യബന്ധത്തിന്റെ പാരമ്യതയാണ് വെളിപ്പെടുത്തേണ്ടത്. എന്നാൽ ഗദ്സമനയിലെ ചുംബനത്തിന്റെ പിന്നിൽ ഉപഭോഗ തൃഷ്ണ ബാധിച്ച ഒരുശിഷ്യന്റെ ആർത്തി അല്ലാതെ ആത്മാർത്ഥത ലേശമില്ല. യെരുശലേം ദേവാലയത്തിന്റെ ഭണ്ഡാരപ്പെട്ടിക്കു സമീപം ചിതറിക്കിടക്കുന്ന നാണയത്തുട്ടുകൾ ആർത്തിയെ പ്രണയിക്കുന്ന ശിഷ്യരോടുള്ള മുന്നറിയിപ്പാണ്. ചിതറിക്കിടക്കുന്ന നാണയത്തുട്ടുകൾ പെറുക്കി എണ്ണാൻ പോലും ആളില്ലാതെ, സ്തോത്ര കാഴ്ചപ്പെട്ടിയിൽ പോലും ഇടം കിട്ടാതെ അവഗണിക്കപ്പെടുമ്പോൾ പണത്തിന്റെ പ്രലോഭനത്തിൽ സത്യത്തെ ക്രൂശിക്കുവാൻ കൂട്ടുനിൽക്കുന്നവർക്ക് കാലം കരുതിവയ്ക്കുന്ന മുന്നറിയിപ്പാണിത്.

**2. Law Manipulation**

'മഹാപുരോഹിതന്മാരും ന്യായാധിപ സംഘമൊക്കെയും യേശുവിനെ കൊല്ലേണ്ടതിന് അവന്റെ നേരേ കള്ള സാക്ഷ്യം അന്വേഷിച്ചു'' (മത്തായി 26:59)

നിയമങ്ങൾ വളച്ചൊടിച്ച് വ്യാഖ്യാനിക്കപ്പെടുമ്പോൾ സത്യം ക്രൂശിക്കപ്പെടും എന്നത് തർക്കമറ്റ വസ്തുതയാണ്. സന്നദിസംഘത്തിന്റെയും ന്യായാധിപ സംഘത്തിന്റെയും കൂടിവരവുകൾക്ക് രാത്രി സമയം അനുവ ദനീയമായിരുന്നില്ല. എന്നാൽ ക്രിസ്തുവിന്റെ വിചാരണയ്ക്ക് അവർ നീക്കിവയ്ക്കുന്നത് രാത്രിയുടെ ഇരുണ്ടയാമങ്ങളെയാണ്. ഏതുവിധേനെയും സത്യത്തെ ക്രൂശിക്കാനുള്ള വെമ്പലാണ് ഇവിടെ അനാവൃതമാകുന്നത്. സത്യത്തെ സംരക്ഷിക്കേണ്ട നിയമങ്ങൾ അതിന്റെ ദുർവ്യാഖ്യാനങ്ങൾ മൂലം സത്യത്തിന്റെ അന്തകർ ആയി മാറുന്ന ഗതികേടിനാണ് ലോകം പലപ്പോഴും സാക്ഷ്യം വഹിച്ചിട്ടുള്ളത്. ക്രിസ്തുവിന് നിയമം ഒരു വാതിലും പരീശന്മാർക്ക് നിയമം ഒരു മതിലും ആയിരുന്നു എന്നാണ് പറയാറ്. നിയമത്തിന് മതിലുകൾ മാത്രമേ ഉള്ളുവെങ്കിൽ അത് പ്രതീക്ഷയുടെ യാതൊരു കിരണങ്ങളെയും സൃഷ്ടിക്കുകയില്ല. ഉള്ളിലെ വായു ചൂടായി ജീവന്റെ സാധ്യതകളെ നശിപ്പിക്കാം എന്നല്ലാതെ മതിലുകൾക്ക് മറ്റൊന്നും ചെയ്യുവാൻ ആവില്ല. എന്നാൽ നിയമം വാതിലായി മാറിയാൽ ചില വഴികൾ തുറക്കുവാനും ചില വഴികൾ അടയ്ക്കുവാനും അവയ്ക്ക് കഴിയും. നിയമം ഇന്നും സാധാരണക്കാരന്റെ പ്രതീക്ഷയാണ്. നിയമവ്യവസ്ഥയുടെ അന്ത്യം ലോകാ വസാനത്തിനു തുല്യമാണ്. സത്യമേവജയതേ എന്ന ആപ്തവാക്യവും കണ്ണടച്ചിരിക്കുന്ന നീതിദേവതയും സത്യത്തിന് കാവൽ നിൽക്കുന്ന നിയമ വ്യവസ്ഥിതിയുടെ പ്രതീകങ്ങളാണ്. ജാതി, മത, വർഗ്ഗ, വർണ്ണ സ്വാധീനങ്ങൾ അവയുടെ അവിശുദ്ധ കൂട്ടുകെട്ടുകൾ നീതിപീഠങ്ങളെ സ്വാധീ നിക്കുവാൻ തുടങ്ങിയാൽ സത്യം ആത്യന്തികമായി ക്രൂശിക്കപ്പെടും എന്നതിന് ക്രൂശ് അല്ലാതെ മറ്റൊരു ഉദാഹരണമില്ല.

**3. Peoples Power Manipulation**

'ബറാബാസിനെ വിട്ടുകൊടുക്കേണ്ടതിന് ചോദിക്കാൻ മഹാപുരോഹിതന്മാർ പുരുഷാരത്തെ ഉത്സാഹിപ്പി ച്ചുകൊണ്ടിരുന്നു'' (മർക്കോസ് 15:11).

കുറ്റമില്ലാത്ത രക്തത്തെ തലമുറയിലേക്ക് ഏറ്റെടുക്കാനുള്ള ആവേശം ജനങ്ങളുടെ സിരാപ

ടങ്ങളിൽ കുത്തി നിറയ്ക്കുന്ന അധികാരവർഗ്ഗം എന്നും സത്യത്തിന്റെ കശാപ്പുകാരാണ്. ക്രൂരത കൊണ്ട് അന്നത്തെ സമൂഹത്തിന് പേടിസ്വപ്നമായ ബറബ്ബാസിനെ ചോദിക്കുവാൻ എത്രയെളുപ്പമാണ് ജനക്കൂട്ടത്തിന് സാധിച്ചത്. സത്യം തുടച്ചുനീക്കുവാൻ എത്രയെത്ര ബറബ്ബാസുമാർ പിന്നീട് ചരിത്രത്തിൽ മോചിപ്പിക്കപ്പെട്ടു എന്നോർത്തുവയ്ക്കുക. സത്യത്തെ ബലികൊടുത്ത് ബറബ്ബാസുമാർ നിർവിഘ്നം സഞ്ചരിക്കുന്ന കാലത്തോട് നാം പൊരുത്തപ്പെട്ടുവരുന്നു. ബറബ്ബാസുമാരെ പുറത്തിറക്കുവാൻ ആ വഴി സത്യത്തെ ക്രൂശിക്കുവാൻ എന്നും കൂട്ടുപിടിക്കുന്നത് ജനശക്തിയെയാണ്. സത്യം ഏതുവിധേനെ വന്നാലും അതിനെ കണ്ണുംപൂട്ടി എതിർക്കുക അധികാര പ്രമത്തത ബാധിച്ചവരുടെ ലക്ഷണങ്ങളാണ്. ഓശാന പാടിയവരെ കൊണ്ട് ക്രൂശിക്കുക എന്നുപറയിക്കുന്ന തന്ത്രങ്ങൾ പീലാത്തോസിന്റെ അരമനയിൽ നിന്ന് തുടങ്ങി ഇന്ന് ചരിത്രത്തിൽ എമ്പാടും വ്യാപിച്ചിരിക്കുന്നു. പരമമായ സത്യത്തിന്റെ ഉയിർത്തെഴുന്നേൽപ്പാണ് ജനാധിപത്യത്തിലൂടെ പിറക്കേണ്ടതെങ്കിലും വിഭാഗീയ സങ്കുചിത താല്പര്യങ്ങൾ ഊതിപ്പെരുപ്പിച്ച് ഇന്ദ്രപ്രസ്ഥം സ്വന്തമാക്കുന്ന അധികാര സമീക്ഷകൾ നമുക്കു പരിചയമാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും സാമ്പത്തിക സാംസ്കാരിക മൂലധനം നഷ്ടപ്പെട്ടവരുടെയും ആദിവാസികളുടെയും ദളിതരുടെയും സ്ത്രീകളുടെയുമൊക്കെ അവകാശങ്ങൾ ചില ബാറബസുമാർ സ്വന്തമാക്കുമ്പോൾ ജനശക്തി ശരിയായി ദിശയിൽ തെളിയിക്കാൻ കഴിയാതെ പോകുന്നവരെ ഓർത്ത് വിലാപകാവ്യങ്ങളല്ലാതെ മറ്റൊന്നുമില്ല ബാക്കി.

**4. Media Manipulation**

'പടയാളികൾക്ക് വേണ്ടുവോളം പണം കൊടുത്തു. അവന്റെ ശിഷ്യന്മാർ രാത്രിയിൽ വന്ന് ഞങ്ങൾ ഉറങ്ങു മ്പോൾ അവനെ കട്ടുകൊണ്ടുപോയി എന്നു പറയുവിൻ'' (മത്തായി 28:13).

വളച്ചൊടിക്കപ്പെട്ട വാർത്തകൾ എന്നും സത്യത്തെ ക്രൂശിക്കാറുണ്ട്. ഉത്ഥാനത്തിന്റെ പരമമായ യാഥാർത്ഥ്യത്തെ വികലമായ വാർത്തകൾ കൊണ്ട് ഇല്ലാതാക്കാനുള്ള ശ്രമമാണ് ഇവിടെ വ്യക്തമാക്കുന്നത്. അവൻ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്ന സുവാർത്തയെ തെറ്റായ വാർത്തകൾ കൊണ്ട് ദിശ തെറ്റിക്കുന്ന അധികാരതന്ത്രം ക്രിസ്തുവിന്റെ പീഠാനുഭവത്തിൽ ശക്തമാണ്. വി. മത്തായി 28:15 ൽ നാം വായിക്കുന്നു ''ഈ കഥ ഇന്നുവരെ യഹൂദന്മാരുടെ ഇടയിൽ പരക്കെ നടപ്പായിരിക്കുന്നു'' എന്ന്. കോട്ടി വളയ്ക്കപ്പെട്ട ഇത്തരം വാർത്തകൾക്ക് ഉത്തരം എന്നനിലയിൽ ആകണം നമ്മുടെ ആരാധനാക്രമത്തിൽ അവൻ വാസ്തവമായും കബറിൽ നിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റുപറയുന്നു എന്ന വിശ്വാസ പ്രഖ്യാപനം ഉണ്ടായത്. പുനരുത്ഥാനം ഒരു തോന്നലോ കളവോ അല്ലായെന്നും അത് ഒരു ചരിത്ര യാഥാർത്ഥ്യമാണെന്നുമുള്ള വിശ്വാസ പ്രഖ്യാപനമാണ് ഉയിർപ്പിന്റെ ശുശ്രൂഷയിലൂടെ നിർവ്വഹിക്കുന്നത്. വാർത്തകളിലെ വസ്തുതകളെക്കാളേറെ വാർത്തകളിലെ എരിവും പുളിയും ആസ്വദിക്കുന്ന സമൂഹത്തിന് എന്നും സത്യം ഒരു മരീചികയാണ്. സത്യം എന്നപേരിൽ അവതരിപ്പിക്കപ്പെടുന്ന ഒരു പിടി കെട്ടുകഥകളുടെ നടുവിൽ ചിലപ്പോഴെങ്കിലും ആ വിലാപമുണ്ട് എന്താണ് സത്യമെന്ന്.

ന്യായാധിപന്മാരും ഭരണാധികാരികളും സത്യം മുമ്പിൽ നിൽക്കെ സത്യമെന്താണ് എന്നുചോദിച്ചാൽ വീണ്ടും കാൽവറികൾ ഒരുക്കേണ്ടിവരും. ക്രിസ്തു ഒരിക്കലായി കാൽവറിയിൽ മരിച്ചു. വീണ്ടും മരിക്കുന്നത് നമ്മുടെ ഹൃദയങ്ങളിലാണ്. ക്രിസ്തു ഒരിക്കലായി യൗസേപ്പിന്റെ കല്ലറയിൽ നിന്ന് ഉത്ഥാനം ചെയ്തു. വീണ്ടും ഉത്ഥാനം ചെയ്യേണ്ടത് നമ്മുടെ ഹൃദയങ്ങളിലാണ്. മുമ്പിൽ നിൽക്കുന്ന സത്യത്തെ കൈനീട്ടി തൊടാൻ കഴിയാത്തവരോട് എന്താണ് സത്യമെന്ന് വിശദീകരിക്കുവാൻ ക്രിസ്തു തയ്യാറാകുന്നില്ല. അവിടെയാണ് ക്രിസ്തുവിന്റെ സുദീർഘമായ മൗനം പിറക്കുന്നത്. ഒരു കൈപ്പാടകലെ സത്യം നിൽക്കുമ്പോൾ സത്യം എന്തെന്ന് വിലപിക്കുന്നവരോട് നിശ്ശബ്ദത അല്ലാതെ പിന്നെയെന്താണ് ഉത്തരം. ക്രിസ്തു നമ്മെ പഠിപ്പിച്ചത് ഓർക്കുക ''നിങ്ങൾ സത്യം അറിയുകയും സത്യം നിങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യും. പണവും നിയമങ്ങളും ജനശക്തിയും മാധ്യമങ്ങളും സത്യത്തിനുനേരെ നിരന്തരം കണ്ണടച്ചാലും പരമമായ സത്യം ഉയിർത്തെഴുന്നേൽക്കുക തന്നെ ചെയ്യും എന്നത് നമ്മുടെ പ്രതീക്ഷകൾക്ക് നിറവും ചാരുതയും പകരുന്നു.

ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ

# വിശുദ്ധ യോഹന്നാന്റെ ഒന്നാം ലേഖനം

## 3,4,5 അദ്ധ്യായങ്ങൾ



മൂന്നാം അദ്ധ്യായത്തിൽ ദൈവത്തിന്റെ മക്കളെക്കുറിച്ചും, പിശാചിന്റെ മക്കളെക്കുറിച്ചുമുള്ള പ്രതിപാദനമാണ്. ദൈവത്തിന്റെ സ്വരൂപത്തിലേക്കും സാദൃശ്യത്തിലേക്കുമുള്ള രൂപാന്തരമാണ് അഥവാ ദൈവീകരണമാണ് യഥാർത്ഥത്തിൽ ദൈവമക്കൾക്കു വേണ്ടത്. ''അബ്ബാ പിതാവേ' എന്നു വിളിക്കത്തക്ക സ്ഥിതി നമുക്കുള്ളതിനാലും, വെള്ളം കൊണ്ടും ആത്മാവുകൊണ്ടും വീണ്ടും ജനനം നടന്നതിനാലും നീതിയായുള്ളത് പ്രവർത്തിക്കുന്നതിനാലും ദൈവത്തിന്റെ വിത്ത് നമ്മിൽ സ്ഥിതി ചെയ്യുന്നതിനാലും നാം ദൈവമക്കളെന്ന പദവിക്ക് യോഗ്യരാണ്. ദൈവമക്കളെന്ന പദവിക്കു യോഗ്യരാണ്. ദൈവമക്കളുടെ മഹനീയതകളെക്കുറിച്ചുള്ള പ്രസ്താവനയിൽ, ദൈവ മക്കൾ ദൈവത്തിൽ നിന്നുള്ളവരാകയാൽ, അവൻ പ്രത്യക്ഷനാകുമ്പോൾ അവന്റെ സാദൃശ്യത്തിൽ ആയിത്തീരുന്നവരും, കർത്താവിന്റെ മഹത്വത്തിൽ അവനെ കാണുന്നവരും, തന്നെത്തന്നെ ശുദ്ധീകരിക്കുവാനും, പാപം ചെയ്യാത്തവനും, പിശാചിന്റെ പ്രവർത്തികളെ നശിപ്പിക്കുന്നവനും, വേദവിപരീതികളുടെ വഞ്ചനയ്ക്ക് പങ്കാളികളാകാത്തവരും, നീതി പ്രവർത്തിക്കുന്നവരും, സഹോദരനെ സ്നേഹിക്കുന്നവനുമാകുന്നുവെന്ന് യോഹന്നാൻ ശ്ലീഹാ വ്യക്തമാക്കുന്നു. പാപത്തെ (ഹമർത്തിയാ) കുറിച്ചുള്ള അടിസ്ഥാന സത്യങ്ങൾ ശ്ലീഹാ വിശദീകരിക്കുന്നു. പാപം എന്നു പറയുന്നത് ദൈവത്തെ അനുസരിക്കുന്നതിനേക്കാൾ ഒരുവനെ തന്നെ അനുസരിക്കുന്നതാണ്. പാപം ദൈവേഷ്ടത്തിനു വിരുദ്ധമായത് പ്രവർത്തിക്കുന്നു. ക്രിസ്തുവിൽ വസിക്കാത്തതിനാൽ, സാത്താന്റെ പ്രേരണയാൽ സാത്താനിൽ നിന്നും പാപം ഉണ്ടാകുന്നു. ആയതിനാൽ യേശുക്രിസ്തുവിന്റെ സഹായത്താൽ നമുക്ക് പാപത്തെ കീഴടക്കാമെന്ന് ശ്ലീഹാ പഠിപ്പിക്കുന്നു. തുടർന്ന് സ്നേഹത്തെക്കുറിച്ചുള്ള പ്രതിപാദനമാണ്. ആദി മുതൽ കേൾക്കുന്ന ദൂതും, ദൈവം നമുക്ക് നൽകിയതുമായ കല്പനയാണ് അന്യോന്യം സ്നേഹിക്കുക എന്നുള്ളത്. വാക്കിനാലും നാവിനാലും അല്ല പ്രവർത്തി യിലും സത്യത്തിലും സ്നേഹിക്കണമെന്ന് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു.

സഹോദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നവനും മരണത്തിൽ നിന്നും ജീവനിലേക്ക് കടന്നവനുമാകുന്നു. സഹോദരനെ സ്നേഹിക്കാത്തവൻ കൊലപാതകനാണ്. പരസ്പരം സ്നേഹിക്കുന്നതിനാൽ, ദൈവം നമ്മിൽ വസിക്കുന്നുവെന്ന് ശ്ലീഹാ പഠിപ്പിക്കുന്നു. പാപത്തെക്കുറിച്ച് ബോദ്ധ്യപ്പെടുത്തുന്ന വെളിച്ചം മനസ്സിൽ ഉള്ളതിനാലും, പാപത്തെ വെറുക്കുവാനുള്ള കൈയ്യൊഴിയാത്ത ഒരു ചായ്‌വ് ഹൃദയത്തിൽ ഉള്ളതിനാലും, പാപപ്രവർത്തികളെയും അതിന്റെ ശക്തിയെയും പൊട്ടിച്ചെറിയാനുള്ള മൗലീകമായ ഒരു ആത്മനിക്ഷേപം ഉള്ളതിനാലും, അനുതപിക്കുവാനുള്ള മനോഭാവവും താഴ്മയും ഉള്ളതിനാലും, ദൈവത്തിൽ നിന്നും ജനിച്ചവന് പാപം ചെയ്യുവാൻ കഴിയുകയില്ല. ദൈവമക്കൾ ദൈവത്തിൽ നിന്നും ജനിച്ചവരും, പാപത്തിൽ ജീവിക്കാത്തവരും, നീതി പ്രവർത്തിക്കുന്നവരും,

സഹോദരനെ സ്നേഹിക്കുന്നവരും, നന്മയുള്ള ജീവിതം നയിക്കുന്നവരും, മരണത്തെ അതിജീവിച്ച് നിത്യ ജീവനിൽ പ്രവേശിച്ചവരും, സഹോദരന്മാർക്കു വേണ്ടി ജീവൻ അർപ്പിക്കുന്നവരും, പ്രവർത്തികൊണ്ടും സത്യംകൊണ്ടും സ്നേഹിക്കുന്നവരുമാകുന്നു. കായീന്റെ പ്രവർത്തി ദോഷമുള്ളതും, സഹോദരന്റെ നീതിയുള്ളതും ആയതുകൊണ്ടാണ് കായീൻ ഹാബേലിനെ കൊന്നത്.

നാലാം അദ്ധ്യായത്തിൽ സത്യാത്മാവ്, വ്യാജാത്മാവ് ദൈവസ്നേഹം എന്നിവയെ സംബന്ധിച്ചുള്ള വിശദീകരണമാണ്. ദൈവത്തിൽ നിന്നും ജനിച്ചവർ, ക്രിസ്തുവിനെ പൂർണ്ണ ദൈവവും, പൂർണ്ണ മനുഷ്യനുമെന്ന് വിശ്വസിക്കുന്നവരാണ്. ദുരുപദേഷ്ടാക്കൾ, ദൈവത്തിൽ നിന്നു ഇല്ലാത്തവരും, ക്രിസ്തുവിനെ നിഷേധിക്കുന്നവരും, ലൗകീകരും ലൗകീകമായതു സംസാരിക്കുന്നവരും, അപ്പോസ്തോലിക സന്ദേശത്തെ അനുസരിക്കാത്തവരുമാകുന്നു. യേശുവിനെയും, ക്രിസ്തുവിനെയും രണ്ടായി ചിന്തിക്കുന്ന സെറിന്തസ്സിന്റെ ദുരുപദേശം മൂലം മൂന്നു കാര്യങ്ങൾ അവർ നിഷേധിക്കുകയാണ്. യേശു ചരിത്രത്തിന്റെ കേന്ദ്രമാണെന്നുള്ള വസ്തുത, ദൈവ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണെന്നുള്ള വസ്തുത, യേശുവിന്റെ രാജത്വത്തിന്റെ സത്യാവസ്ഥ. ഈ ലേഖനത്തിൽ സാത്താനെകുറിച്ചു പറയുമ്പോൾ അവൻ ലോകത്തിൽ നിന്നും വന്നവനാണെന്നു പറയുന്നു. എന്നാൽ ദൈവത്തിൽ നിന്നുള്ളവൻ ദൈവത്തിൽ വസിക്കുന്നു അവനിലുള്ള സ്നേഹത്തെ കുറിച്ച്, സ്നേഹം ദൈവത്തിൽ നിന്നുവരുന്നുവെന്നും, സ്നേഹിക്കുന്നവനെല്ലാം ദൈവത്തിൽ നിന്നു ജനിച്ചിരിക്കുന്നുവെന്നും, സ്നേഹിക്കുന്നവൻ ദൈവത്തെ അറിഞ്ഞിരിക്കുന്നുവെന്നും വിശദീകരിക്കുന്നു. "ദൈവം സ്നേഹം തന്നെ" എന്നുള്ള : പ്രസ്താവനയിൽ കൂടി, സൃഷ്ടിയുടെ ദൈവ പരിപാലനയുടെ, വീണ്ടെടുപ്പിന്റെ, ലോകജീവിതത്തിനതീതമായതിന്റെ വിശദീകരണങ്ങൾ നമുക്കു ലഭ്യമാക്കിത്തരുന്നു. ദൈവം നമ്മിൽ വസിക്കുന്നുവെന്നുള്ളതിന്റെ തെളിവുകളായി - നാം പരസ്പരം സ്നേഹിക്കുന്നവരും, അവന്റെ ആത്മാവ് നമ്മിൽ ഉള്ളവരും, ദൈവസ്നേഹത്തിൽ വസിക്കുന്നവരുമാണ് എന്ന് ശ്ലീഹാ ചൂണ്ടിക്കാട്ടുന്നു. യേശുക്രിസ്തുവിനെ ലോകരക്ഷയ്ക്കായി അയച്ചുവെന്ന് സ്വന്ത അനുഭവങ്ങളിൽ കൂടി അപ്പോസ്തലന്മാർ (അയക്കപ്പെട്ടവർ) സാക്ഷിക്കുകയാണ്. "ഞങ്ങൾ കണ്ടു സാക്ഷ്യം പറയുന്നു എന്നാണ് പറയുന്നത്. കാരണം, യേശുക്രിസ്തുവിനെ ഏക ജാതനായവന്റെ തേജസായി അവർ കണ്ടു. ജീവൻ പ്രത്യക്ഷമായി അവർ കണ്ടു. ജീവന്റെ വചനത്തെ അവർ കണ്ടു. ലോകരക്ഷിതാവായി കണ്ടു.

അഞ്ചാം അദ്ധ്യായത്തിൽ വിശ്വാസത്തിന്റെ വിജയം, ക്രിസ്തുവിനെ കുറിച്ചുള്ള സാക്ഷ്യം, നിത്യ ജീവൻ എന്നിവ പ്രതിപാദിക്കുന്നു. യേശു ദൈവപുത്രനാണെന്നു വിശ്വസിക്കുന്നവൻ ദൈവത്തിൽ നിന്നും ജനിച്ചവനാണെന്നും, അവൻ ലോകത്തെ ജയിക്കുന്നവനുമാണെന്നു വ്യക്തമാക്കുന്നു. നീതി പ്രവർത്തിക്കുന്നവനും, പാപം ചെയ്യാത്തവനും, അന്യോന്യം സ്നേഹിക്കുന്നവനും, യേശുവിനെ ക്രിസ്തു എന്നു വിശ്വസിക്കുന്നവനും, ലോകത്തെ ജയിക്കുന്നവനുമാണ് ദൈവത്തിൽ നിന്നും ജനിക്കുന്നവൻ. ജലത്താലും രക്തത്താലും വന്നവൻ യേശുക്രിസ്തുവാണ്. ജലം യേശുക്രിസ്തുവിന്റെ സ്നാനത്തെയും, രക്തം യേശു ക്രിസ്തുവിന്റെ മരണത്തെയും സൂചിപ്പിക്കുന്നു. സ്വർഗ്ഗത്തിൽ സാക്ഷ്യം പറയുന്നതിനു സമാ നമായി, ഭൂമിയിൽ, ആത്മാവ്, ജലരക്തം എന്നിവ മശിഹാത്വത്തിന്റെ സാക്ഷികളാണ്. പാപത്തെക്കുറിച്ച് വിവരിക്കുമ്പോൾ, മരണത്തിനുള്ള പാപം, മരണത്തിനല്ലാത്ത പാപം എന്നു രണ്ടായി തിരിച്ചിരിക്കുന്നു. ദൈവമെന്ന് പേരു കൊടുത്ത് മനുഷ്യന്റെ കൈവേലയായി ഉണ്ടാക്കുന്നതും, ദൈവത്തിനു കൊടുക്കേണ്ട പ്രഥമ സ്ഥാനം മറ്റ് ഏതിനെങ്കിലും കൊടുക്കുന്നുവെങ്കിൽ അത് നമ്മുടെ വിഗ്രഹമായിത്തീരും. ദൈവഹിത പ്രകാരം പ്രാർത്ഥിക്കുക. വിശ്വാസത്തോടെ പ്രാർത്ഥിക്കുക, ജീവിതം നന്നാക്കി കൊണ്ടു പ്രാർത്ഥിക്കണമെന്നും, നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കണമെങ്കിൽ ദൈവത്തിന്റെ കല്പനകളെ പാലിക്കണമെന്നും ദൈവഹിതപ്രകാരം പ്രാർത്ഥിക്കണമെന്നും, ദൈവത്തിനു പ്രസാദമുള്ളത് ചെയ്യണമെന്നും, നമ്മുടെ അപേക്ഷകൾ ദൈവം കേൾക്കുന്നുവെന്ന വിശ്വാസം വേണമെന്നും, അവ ലഭിച്ചുവെന്ന് ഉറപ്പാക്കണമെന്നും, മറ്റുള്ളവരോടു ക്ഷമിച്ചതിനുശേഷം പ്രാർത്ഥിക്കണമെന്നും, യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രാർത്ഥിക്കണമെന്നും വ്യക്തമാക്കിക്കൊണ്ട് ഒന്നാം ലേഖനം സമാപിക്കുന്നു.

സ്നേഹംനിറഞ്ഞ കുഞ്ഞുങ്ങളേ,

ദൈവകൃപയാൽ നിങ്ങൾക്കേവർക്കും സുഖം തന്നെ എന്നു വിശ്വസിക്കുന്നു. നിങ്ങളുടെ അവധിക്കാലം നിങ്ങൾ സന്തോഷകരമായി ചില വഴിച്ചു എന്നു കരുതുന്നു. എല്ലാവരും അവരവരുടെ ഇടവകകളിലെ **OVBS** ക്ലാസ്സുകളിൽ സംബന്ധിച്ചു എന്നും വിശ്വസിക്കുന്നു. ദൈവത്തിൽ വസിക്കുന്ന (വി. യോഹന്നാൻ 15:4), ദൈവത്തിൽ മാത്രം വസിക്കുന്ന ഒരു ജീവിതശൈലി കരുപ്പിടിപ്പിക്കുവാൻ ഈ വർഷത്തെ ഫരശആട നിങ്ങളെ സഹാ യിച്ചു എന്നും കരുതുന്നു. അവധിക്കാലം സന്തോഷകരമായും, പ്രയോജനപ്രദമായും ചിലവഴിച്ചല്ലോ. ഒൻപതാം ക്ലാസ്സ് വരെയുള്ളവരുടെ റിസൽട്ട് വന്ന് പുതിയ ക്ലാസ്സുകളിലേക്ക് സ്ഥാനകയറ്റം കിട്ടുകയും, 10, 12 ക്ലാസ്സുകാർ റിസൽട്ട് കാത്തിരിക്കുകയും ചെയ്യുമ്പോൾ എല്ലാവർക്കും നല്ല വിജയം ലഭിക്കുവാൻ ചേച്ചി പ്രാർത്ഥിക്കുന്നു.

അയാളുടെ പുതിയ അയൽവാസി, ഒരു നിരന്തര ശല്യക്കാരനും പ്രശ്നക്കാരനും ആയിരുന്നു. അയാൾ ദൈവത്തോടു പരാതിപ്പെട്ടു: 'എന്റെ അയൽക്കാരൻ ദുഷ്ടനാണ്. അയാളുടെ ശല്യം കൊണ്ടു മടുത്തു. ഇങ്ങനെയുള്ള സാമൂഹ്യ വിരുദ്ധരെ, അങ്ങ് എന്തിനാണു ഭൂമിയിൽ വെച്ചു പുലർത്തുന്നത്? 'ആദ്യ ദിവസങ്ങളിൽ ഒന്നും മിണ്ടാതിരുന്ന ദൈവം, പിന്നീടു പ്രതികരിച്ചു: 'നീ അവനെ നാലു ദിവസം മാത്രമേ സഹിച്ചുള്ളൂ. ഞാൻ അറുപതു വർഷമായി സഹിക്കുന്നു. ഇത്രയും നാൾ ഞാൻ ഒരാളെ സഹിച്ചെങ്കിൽ അതിനൊരു കാരണമുണ്ടാകില്ലേ? ദൈവം അംഗീകരിച്ച ഒരാളുടെ നാശത്തിനായി, പ്രാർത്ഥിക്കുവാൻ, നിനക്ക് എന്താണവകാശം?' അന്നു മുതൽ അയാൾ: 'ദൈവമേ, എന്റെ സ്വഭാവം മാറ്റണേ?'' എന്നാക്കി പ്രാർത്ഥന. നമുക്കിഷ്ടമില്ലാത്തവരെല്ലാം ഇല്ലാതാകണം എന്ന ചിന്ത ഒരു മനോവൈകല്യമാണ്. നമ്മുടെ ശരികൾ എല്ലാം, എല്ലാവരുടെയും ശരികൾ ആകണം എന്നില്ല; നമ്മുടെ തെറ്റുകൾ എല്ലാം, എല്ലാവരുടെയും തെറ്റുകളും. കാരണം, നമ്മുടെ ജീവിതമല്ല അവരുടെ ജീവിതം. അപരന്റ ജീവിതത്തെക്കുറിച്ച് ഒന്നും അറിയാതെ, അവരെക്കുറിച്ചു വിധിയെഴുതാൻ നമുക്ക് എന്താണവകാശം? മറ്റുള്ളവരിലെ ഇഷ്ടങ്ങളോട് ഇണങ്ങാൻ, നമുക്ക് എളുപ്പമാണ്. എന്നാൽ, ഇഷ്ടക്കേടുകളോടു പൊരുത്തപ്പെടാൻ, പ്രയാസവും. അപ്രിയം ആയവരെയും അംഗീകരിക്കാൻ നമുക്ക് ആകണം. അവരും ഈശ്വര സൃഷ്ടികളാണ്. സൃഷ്ടിയെ വിധിക്കാനുള്ള അവകാശം, സൃഷ്ടാവിനു മാത്രമേ ഉള്ളൂ; മറ്റൊരു സൃഷ്ടിക്ക് ഇല്ല. സദ്ഗുണങ്ങൾ ഉള്ളവരോടു മാത്രം സമ്പർക്കം പുലർത്തുന്നതിൽ സവിശേഷത ഒന്നുമില്ല. അല്ലാത്തവരോടും സമരസപ്പെടാൻ നമുക്ക് ആകണം. ഏത് കാര്യത്തെയും ദൈവത്തിന്റെ കാഴ്ചപ്പാടിൽ നിന്ന് നോക്കികാണാൻ ശ്രമിച്ചാൽ നമുക്കത് സാദ്ധ്യമാകും.

പരിശുദ്ധ സഭ വിശുദ്ധ ഗീവർഗ്ഗീസ്സ് സഹദായുടെ ഓർമ്മപ്പെരുന്നാൾ കൊണ്ടാടുന്ന മാസമാണല്ലോ ഇത്. കേവലം 23-ാമത്തെ വയസ്സിൽ ക്രിസ്തുവിനുവേണ്ടി സഹദാ മരണം പ്രാപിച്ച വ്യക്തിയാണ് വി. ഗീവർഗ്ഗീസ്സ്. ഡയോക്ലീഷൻ ചക്രവർത്തിയുടെ ഭരണകാലത്ത് റോമൻ പട്ടാളത്തിൽ സേവനമനുഷ്ഠിച്ചിരുന്ന ആളാണ് ഗീവർഗ്ഗീസ്സ്. ഇപ്പോഴത്തെ തുർക്കി രാജ്യത്തുള്ള കപ്പദോക്യയിൽ ക്രിസ്തീയ മാതാപിതാക്കളുടെ മകനായിട്ടാണ് അദ്ദേഹം ജനിച്ചത്. സ്വന്തം മാതാപിതാക്കളെപ്പോലെ ഒരു ക്രിസ്ത്യാനിയായി ജീവിക്കുവാൻ അദ്ദേഹം ആഗ്രഹിച്ചു. ചക്രവർത്തിയുടെ വിശ്വസ്തനായിരുന്നു ഗീവർഗ്ഗീസ്സ്. എന്നാൽ ചക്രവർത്തി ക്രിസ്ത്യാനികളെ പീഡിപ്പിക്കുവാൻ തുടങ്ങിയപ്പോൾ ഗീവർഗ്ഗീസ്സ് അതിനെതിരെ പ്രതികരിക്കുകയും ചക്രവർത്തിയുടെ അപ്രീതിക്ക് പാത്രമാവുകയും ചെയ്തു. കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ട ഗീവർഗ്ഗീസ്സിന് അതിക്രൂരമായ പീഡനങ്ങൾ ഏൽക്കേണ്ടി വന്നു. എങ്കിലും താൻ രുചിച്ചറിഞ്ഞ ക്രിസ്തുവിനെ തള്ളിപറയുവാൻ അദ്ദേഹം തയ്യാറായില്ല. തീവ്രവും, ശക്തവും, അടിയുറച്ചതുമായ അദ്ദേഹത്തിന്റെ വിശ്വാസവും, ധൈര്യവും കണ്ട് അനേകർ ക്രിസ്തുവിൽ വിശ്വസിച്ചു. രാജകുടുംബാംഗങ്ങൾ പോലും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. അവസാനം അദ്ദേഹത്തെ ശിരഛേദം ചെയ്ത് കൊന്നു. മക്കളെ, ജീവിതത്തിൽ ഏത് പ്രതിസന്ധിയുടെയും, പ്രലോഭനങ്ങളുടെയും മധ്യത്തിൽ ക്രിസ്തുവിനെ തള്ളിപ്പറയുവാൻ ഇടയാകാതെ അവനെ സാക്ഷിക്കുന്നവരായി നിലകൊള്ളുവാൻ നമുക്കിടയാകണം. പരിശുദ്ധന്റെ മദ്ധ്യസ്ഥത നമുക്കഭയമാകട്ടെ.

ഈ മാസത്തിന് മറ്റ് രണ്ട് വിശേഷതകൾ കൂടിയുണ്ട്. മെയ് 18 ന് കർത്താവേശുമിശിഹായുടെ സ്വർഗ്ഗാരോഹണം തുടർന്നു വരുന്ന പത്ത്

ദിവസങ്ങൾ കാത്തിരിപ്പിൻ ദിനങ്ങൾ മെയ് 28 ന് പെന്തിക്കോസ്തി പെരുന്നാൾ. ഉയിർത്തെഴുന്നേറ്റവനായ ക്രിസ്തു നാല്പതാം ദിനത്തിൽ ശിഷ്യന്മാർ കാൺകെ അവരെ അനുഗ്രഹിച്ചുകൊണ്ട് പിതാവാം ദൈവത്തിന്റെ അടുക്കലേക്ക് ആരോഹണം ചെയ്തു (വി. ലൂക്കോസ് 24:50-53). കർത്താവിന്റെ കല്പന അനുസരിച്ച് കാത്തിരുന്ന ശിഷ്യസമൂഹത്തിന്മേൽ പരിശുദ്ധാത്മാവ് ആവസിച്ച പെരുന്നാളാണല്ലോ (അപ്പൊ. പ്രവൃത്തികൾ 2) പെന്തിക്കോസ്തിപ്പെരുന്നാൾ. ഈ ദിനങ്ങളെ ശ്രേഷ്ഠമായി ആചരിക്കുവാൻ ശ്രദ്ധിക്കണേ. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

സ്നേഹത്തോടെ,

**നിങ്ങളുടെ ജൂലിചേച്ചി**



## പരിശുദ്ധ ബസേലിയോസ് പൗലോസ് പ്രഥമൻ കാതോലിക്കാ ബാവാ

മലങ്കര സഭയുടെ പ്രഥമ കാതോലിക്ക പരിശുദ്ധ ബസേലിയോസ് പൗലോസ് ഒന്നാമൻ കാതോലിക്കാ ബാവാ മുറിമറ്റത്തിൽ ബാവാ എന്നറിയപ്പെടുന്ന മോറാൻ മാർ ബസേലിയോസ് പൗലോസ് ഒന്നാമൻ 1836 ജനുവരി മാസം 19-ാം (1011 മകരം 6) തീയതി കോലഞ്ചേരി മുറിമറ്റത്തിൽ കുടുംബത്തിൽ കുര്യന്റെയും മറിയയുടെയും മകനായി ജനിച്ചു.

ചെറുപ്രായത്തിൽ തന്നെ സുറിയാനി ഭാഷയിൽ പ്രാവീണ്യം നേടിയ പൗലോസ് കുട്ടിക്ക് ഏഴാമത്തെ വയസിൽ (1843) ചേപ്പാട്ട് മാർ ദിവന്നാസിയോസ് നാലാമൻ മെത്രാപ്പോലീത്താ ശെമ്മാശ്ശപട്ടം കൊടുത്തു. പാമ്പാക്കുട യോഹന്നാൻ മല്പാനിൽ നിന്ന് സുറിയാനി വിദ്യാഭ്യാസം പൂർത്തിയാക്കിയ ശെമ്മാശ്ശനെ തന്റെ 16-ാമത്തെ വയസിൽ 1852-ൽ ചേപ്പാട്ട് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശാ സ്ഥാനം സ്വീകരിച്ചു. തുടർന്ന് 1877 മെയ് മാസം 17-ാം തിയതി പൗലോസ് മാർ ഇവാനിയോസ് എന്ന പേരിൽ കുന്നംകുളത്തു വെച്ച് പത്രോസ് ത്രിതിയൻ പാത്രിയാർക്കീസിനാൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായായി അവരോധിക്കപ്പെട്ടു. അതിനു ശേഷം 1912 സെപ്റ്റംബർ 15 ന് നിരണം സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ വച്ച് തന്റെ 76-ാമത്തെ വയസിൽ ഇഗ്നാത്തിയോസ് അബ്ദുൽ മ്ശിഹാ പാത്രിയാർക്കീസിന്റെ സഹകരണത്തോടെ മോറാൻ മാർ ബസേലിയോസ് പൗലോസ് ഒന്നാമൻ എന്ന പേരിൽ മലങ്കര സഭയുടെ ഒന്നാം കാതോലിക്കായായി ഉയർത്തപ്പെട്ടു. 1913 മെയ് 2-നു കാലം ചെയ്ത കാതോലിക്കാ ബാവായെ പാമ്പാക്കുട സെന്റ് തോമസ് ചെറിയപള്ളിയിൽ കബറടക്കി പരിശുദ്ധ പിതാവിന്റെ മദ്ധ്യസ്ഥത നമ്മുക്ക് കോട്ടയും, അഭയവുമായിത്തീരട്ടെ.




## മർത്തമറിയം വനിതാ സമാജം വാർഷിക സമ്മേളനം

ചെങ്ങന്നൂർ ഭദ്രാസന മർത്തമറിയം വനിതാ സമാജം വാർഷിക സമ്മേളനം കുടശ്ശനാട് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് കത്തീഡ്രലിൽ ഡോ. മാത്യൂസ് മാർ തിമോത്തിയോസ് ഉദ്ഘാടനം ചെയ്തു. ഭദ്രാസന വൈസ് പ്രസിഡന്റ് ഫാ. ഷിബു വർഗീസ് അദ്ധ്യക്ഷത വഹിച്ചു. അഖില മലങ്കര വൈസ് പ്രസിഡന്റ് ഫാ. ഫിലിപ് തരകൻ ക്ലാസെടുത്തു. ഭദ്രാസന സെക്രട്ടറി ഫാ. പി.കെ. കോശി മുഖ്യസന്ദേശം നൽകി. ഫാ. വിൻസൺ ശങ്കരത്തിൽ, ഫാ.ടിനോ തങ്കച്ചൻ, സാലി തോമസ്, മിനി ജോൺസൺ, അച്ചൻകുഞ്ഞ് വർഗീസ്, ബിനോയി പി. ജോർജ്, എസ്. പാപ്പച്ചൻ എന്നിവർ പ്രസംഗിച്ചു.

1. മാർ അഹത്തള്ളാ കൽപ്പനമൂലം താൽക്കാലിക മെത്രാനായി നിയമിച്ചത് ആരെ ?
2. താൽക്കാലിക മെത്രാനിൽ നിന്നും വിരോധിച്ചിരുന്ന 2 ശുശ്രൂഷകൾ ഏവ ?
3. മാർ തോമസ് അർക്കദിയാക്കോന് ലഭിച്ച നാമം എന്ത്?
4. മാർ അഹത്തള്ളായെ ജയിലിൽ പാർപ്പിച്ചിരുന്നത് എവിടെ?
5. മാർത്തോമ്മാ ഒന്നാമന്റെ കുടുംബം ഏത്?
6. 1551 വരെ മലങ്കര സഭയെ നയിച്ച മെത്രാൻ ആര്?
7. വേദവിപരീതി എന്ന് മുദ്രകുത്തി യൂറോപ്പിലേക്ക് അയയ്ക്കപ്പെട്ട മെത്രാൻ ആരെല്ലാം?
8. മലങ്കര സഭയിലെ കുമ്പസാരത്തെപ്പറ്റി പ്രതിപാദിപ്പിക്കുന്ന യൂറോപ്യൻ ഗ്രന്ഥം?
9. 14-ാം നൂറ്റാണ്ടിൽ മലങ്കര സഭയെയും തോമാശ്ലീഹായെയും കുറിച്ച് ഗ്രന്ഥം രചിച്ച അർമ്മീനിയൻ രചയിതാവ് ?
10. തരിസാപ്പള്ളി ശാസനത്തിൽ പറയുന്ന വാണിജ്യ സംഘങ്ങൾ ഏവ?
11. 1557 ൽ കൊച്ചി കേന്ദ്രമാക്കി ഒരു ഭദ്രാസനം രൂപീകരിച്ചത് ആര്?
12. അബ്രഹാമിന്റെ മരണശേഷം പകലോമറ്റം കുടുംബത്തിലെ ആരാണ് സഭയെ നയിച്ചത്?
13. 1599 ൽ ആർച്ച് ബിഷപ്പ് മെനസ്സിസ് മൂറോൻ കൂദാശ നടത്തിയത് എവിടെ വെച്ച്?
14. മലങ്കര നസ്രാണികൾ റോമൻ കത്തോലിക്ക നുകത്തിന് കീഴിൽ ലത്തീൻ കത്തോലിക്കരായി എത്ര വർഷം ജീവിച്ചു?
15. 1652 എവിടെ വെച്ചാണ് അഹത്തള്ളായെ ഈശോസഭക്കാർ അറസ്റ്റ് ചെയ്ത് തടങ്കലിൽ വച്ചത്?
16. 1653 ൽ കൂനൻ കുരിശ് സത്യത്തിൽ എത്ര ജനങ്ങളും വൈദികരും പങ്കെടുത്തത്?
17. കൂനൻ കുരിശ് സത്യം നടന്ന മലയാളമാസം ഏത് ? എന്ന്?
18. ഏതു യോഗമാണ് തോമാ അർക്കദിയാക്കോനെ തലവനായി തെരഞ്ഞെടുത്തത്?
19. 1599 ലെ ഉദയംപേരൂർ സുന്നഹദോസിൽ അദ്ധ്യക്ഷ വഹിച്ചത് എവിടുത്തെ ആർച്ച് ബിഷപ്പ്?
20. മാർ തോമാശ്ലീഹായുടെ കബറിടം സന്ദർശിച്ച ആദ്യത്തെ യൂറോപ്യൻ ആര്?
21. കാതോലിക്കാ സിംഹാസനം സെലൂഷ്യയിൽ നിന്നും മാറ്റിയത് എവിടേക്ക്?
22. അബുശാലിഹ് പരാമർശിക്കുന്ന രണ്ട് ഭാരത പട്ടണങ്ങൾ ഏതെല്ലാം?
23. സഭയുടെ വിശ്വാസ സത്യങ്ങളെ മുൻവിധിയോടെ സമീപിച്ച ചരിത്രകാരൻ ആര്?
24. മാർ ജോസഫിന് പകരമായി വന്ന മെത്രാൻ ആര്?
25. ഉദയംപേരൂർ സുന്നഹദോസ് എത്ര ദിനംകൊണ്ട് പൂർത്തിയാകും?
26. അങ്കമാലിയിലെ ആദ്യത്തെ ലത്തീൻ ബിഷപ്പ് ആര്?
27. ഉദയംപേരൂർ സുന്നഹദോസിൽ പങ്കെടുത്തവർ ആകെ എത്ര?
28. രണ്ടാം പേർഷ്യൻ കുടിയേറ്റംനടന്ന സമയത്തെ രാജാവ് ആര്?
29. മാർത്തോമാ ശ്ലീഹായെ കബറടക്കിയത് എവിടെ?
30. മാർത്തോമാ ശ്ലീഹ കേരളത്തിലെത്തിയത് ഏതു മാർഗ്ഗം?

## ഉത്തരങ്ങൾ ക്വിസ് 8

1. വില്ലാർവട്ടം രാജാവിന്റെ ചെങ്കോൽ
2. കാപ്പാട്
3. എ.ഡി. 1498
4. അങ്കമാലി
5. 5
6. പ. ഏലിയാസ് അഞ്ചാമൻ കാതോലിക്കാ
7. മാർ ജോസഫും, മാർ അബ്രഹാമും
8. 1594
9. മാർ അബ്രഹാം
10. ആർച്ച് ബിഷപ്പ് അലക്സിസ് ഡി മെനസിസ്
11. വൈപ്പിൻ ദ്വീപിലേക്ക്
12. സെന്റ് തോമസ്
13. കൊടുങ്ങല്ലൂർ
14. ഡച്ചു പട്ടണം
15. ഫാ. അൽവാറോ പെന്റയാഡേ
16. റോമൻ പാപ്പാ ജോൺ സൂലാഖായെ
17. 1581
18. ഉദയംപേരൂർ സുന്നഹദോസ്
19. 813
20. 267
21. കല്ലൂർക്കാട്
22. 6
23. മലങ്കര സഭയുടെ ലത്തീൻവൽക്കരണം
24. എ.ഡി. 1624
25. ചവിട്ടുനാടകം
26. ബിഷപ്പ് സ്റ്റീഫൻ ഡി ബ്രിട്ടോ
27. ഫ്രാൻസിസ് റോസ്
28. എ.ഡി. 1498-1652
29. മാർ സാഫോർ, മാർ അഫ്രോത്
30. പുറക്കാട്ടെയും, ഗുന്ത്രായിലെയും രാജാക്കന്മാർ

**ശരി ഉത്തരങ്ങൾ പൂർണ്ണമായും ആരും നൽകിയിട്ടില്ല.**

## ക്രൈസ്തവലോക വാർത്തകൾ





### പൊതുദർശനവേദിയിൽ ഫ്രാൻസിസ് പാപ്പായും തെവദ്രോസ് പാപ്പായും

**വത്തിക്കാൻ :** ചരിത്രത്തിൽ ആദ്യമായി ഫ്രാൻസിസ് മാർപാപ്പായോടൊപ്പം പൊതുദർശനവേദി പങ്കിട്ട് കോപ്റ്റിക് ഓർത്തഡോക്സ് സഭാതലവൻ തെവദ്രോസ് രണ്ടാമൻ മാർപാപ്പായും. പോൾ ആറാമൻ മാർപാപ്പായും കോപ്റ്റിക് സഭാതലവൻ പോപ്പ് ഷെനൗഡാ മൂന്നാമനും കൂടിക്കാഴ്ച നടത്തിയതിന്റെ അമ്പതാം വാർഷികത്തിലാണ് പോപ്പ് തെവദ്രോസ് റോമിലെത്തിയത്.

ചരിത്രപരമായ ആ കൂടിക്കാഴ്ചക്കുശേഷം ഇരുസഭകളും തമ്മിലുള്ള ബന്ധം കൂടുതൽ സുദൃഢമാവുകയുണ്ടായി. 1973 മേയ് 10 ന് ഇരു പോപ്പുമാരും ഒരു സുപ്രധാന രേഖയിൽ ഒപ്പുവച്ചിരുന്നു. അതിന്റെ 40-ാം വാർഷികത്തിൽ പോപ്പ് തെവദ്രോസ് റോമിലെത്തി പോപ്പ് ഫ്രാൻസിസിനെ സന്ദർശിച്ചു. തുടർന്ന് മേയ് 10 കോപ്റ്റിക് - കാതലിക് സൗഹൃദദിനമായി ആചരിച്ചുവരികയാണ്. 2017ൽ ഫ്രാൻസിസ് മാർപാപ്പാ ഈജിപ്ത് സന്ദർശനവേളയിൽ പോപ്പ് തെവദ്രോസുമായി കൂടിക്കണ്ടിരുന്നു.

പൊതുദർശനത്തിന്റെ തുടക്കത്തിൽ പോപ്പ് തെവദ്രോസ് അറബിഭാഷയിൽ സംസാരിച്ചു. സഭാപാരമ്പര്യങ്ങളിൽ വ്യത്യാസമുണ്ടെങ്കിലും ഹൃദയത്തിൽ വസിക്കുന്ന മിശിഹായുടെ സ്നേഹവും വലയം ചെയ്യുന്ന ശ്ലീഹന്മാരുടെയും വിശുദ്ധരുടെയും സംരക്ഷണവും തങ്ങളെ ഒന്നിപ്പിക്കുന്നതായി അദ്ദേഹം പറഞ്ഞു. സഭകൾ തമ്മിലുള്ള ഐക്യം വളർത്തുന്നതിന് പോപ്പിന്റെ സന്ദർശനം ഉതകട്ടെയെന്ന് ഫ്രാൻസിസ് മാർപാപ്പാ ആശംസിച്ചു. ലിബിയൻ കടൽത്തീരത്തുവച്ച് 2015ൽ തീവ്രവാദികൾ വധിച്ച 21 കോപ്റ്റിക് രക്തസാക്ഷികളെയും അദ്ദേഹം അനുസ്മരിച്ചു. അവർ കത്തോലിക്കാ സഭയുടെ കൂടി രക്തസാക്ഷികളാണെന്ന് അദ്ദേഹം പറഞ്ഞു. ലോകസമാധാനത്തിനും യുക്രെയ്നിലെ ജനങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കാൻ മാർപാപ്പാ ആഹ്വാനം ചെയ്തു.

ഫ്രാൻസിസ് മാർപാപ്പായും പോപ്പ് തെവദ്രോസും ഒന്നിച്ചാണ് സമാപനാശീർവാദം നൽകിയത്. രണ്ടുപേരും പിന്നീട് സ്വകാര്യ കൂടിക്കാഴ്ച നടത്തി. 14-ന് പോപ്പ് തെവദ്രോസ് ലാറ്ററൻ ബസിലിക്കയിൽ വിശുദ്ധ കുർബാന അർപ്പിക്കും.

കോപ്റ്റിക് ഓർത്തഡോക്സ് സഭാതലവനും അറിയപ്പെടുന്നത് 'പോപ്പ്' എന്നാണ്. ഈജിപ്തിലെ അലക്സാണ്ട്രിയാ കേന്ദ്രമാക്കിയുള്ള കോപ്റ്റിക് സഭയുടെ 118-ാമത്തെ പോപ്പാണ് തെവദ്രോസ് രണ്ടാമൻ. ഒരു കോടിയിലേറെ അംഗങ്ങളുള്ള സഭയിലെ 90 ശതമാനം പേരും ഈജിപ്തിലാണ്. ഈജിപ്തിലെ ജനസംഖ്യയുടെ 14 ശതമാനം കോപ്റ്റിക് ക്രൈസ്തവരാണ്.

**VJT**



**വേദപുസ്തകപരമായും, സഭയുടെ വിശ്വാസപരമായും ഉള്ള ലേഖനങ്ങൾ,**
**കവിതകൾ, ആനുകാലികമായ വിഷയങ്ങൾ എന്നിവ തയ്യാറാക്കി**
**പ്രസിദ്ധീകരണത്തിനായി നൽകുന്നവർ**
**എല്ലാമാസവും 10-ാം തീയതിക്കു മുമ്പായി ചീഫ് എഡിറ്ററുടെ**
**ഇ-മെയിൽ/വാട്ട്സ്ആപ്പിൽ അയച്ചു തരേണ്ടതാണ്.**
**കവിസിന്റെ ഉത്തരങ്ങളും ചീഫ് എഡിറ്ററുടെ പേരിൽ അയച്ചു തരേണ്ടതാണ്.**

ഫാ. പി. കെ. കോശി
(ഭദ്രാസന സെക്രട്ടറി)





ദൈവത്തിന്റെ അളവറ്റ കരുണയാലും കൃപയാലും മെത്രാസന മെത്രാപ്പോലീത്തായുടെ കല്പനയാലും 2023-2028 കാലയളവിലേക്ക് തെരഞ്ഞെടുക്കപ്പെട്ട മെത്രാസന കൗൺസിൽ 2023 ഏപ്രിൽ ഒന്നാം തീയതി ബഥേൽ മാർ ഗ്രീഗോറിയോസ് അരമനപ്പള്ളിയിലെ വി.കുർബ്ബാനയ്ക്കു ശേഷം ചുമതല ഏറ്റെടുത്തു.

അഭിവന്ദ്യതിരുമനസ്സിന്റെ അനുഗ്രഹാശിസ്സുകളും വൈദീകശ്രേഷ്ഠരുടെ പരിപൂർണ്ണ പിന്തുണയും അത്മായ നേതൃനിരയുടെ പൂർണ്ണ സഹകരണവും വിശ്വാസസമൂഹത്തിന്റെ പ്രാർത്ഥനയും സഹായവും തുടർ പ്രവർത്തനങ്ങൾക്ക് വഴിവെളിച്ചങ്ങളായി ഉണ്ടാകും എന്ന് പ്രതീക്ഷിക്കുന്നു.

പ്രഥമ കൗൺസിൽ യോഗം 2023 ഏപ്രിൽ 10-ാം തീയതി അഭിവന്ദ്യ തിരുമനസ്സിന്റെ അദ്ധ്യക്ഷതയിൽ കൂടി. പരിശുദ്ധ കാതോലിക്കാബാവാതിരുമനസ്സിന്റെ കല്പന പ്രകാരവും മലങ്കര സഭാസമതികളുടെ തീരുമാനപ്രകാരവും വൈദീകരുടെയും ശുശ്രൂഷകരുടെയും സേവന വേതന പദ്ധതി 2023 ഏപ്രിൽ മാസം മുതൽ പ്രാവർത്തികമാക്കുവാൻ തീരുമാനിക്കുകയും നമ്മുടെ മെത്രാസനത്തിൽ നടപ്പാക്കി എന്നത് സന്തോഷത്തോടെ അറിയിക്കട്ടെ.

മെത്രാസനത്തിലെ ഇടവകകളിൽ നിന്നും 2023-2024 വർഷത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള കൈക്കാരന്മാർക്കും, സെക്രട്ടറിമാർക്കും, ഭരണസമിതി അംഗങ്ങൾക്കും, ഓഡിറ്റേഴ്സിനുമായി 2023 ഏപ്രിൽ 15-ാം തീയതി ക്രമീകരിച്ച ചർച്ച് അക്കൗണ്ട്സ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശ പരിശീലനം ഏറ്റം ഭംഗിയായി ഇടവകതലത്തിൽ കാര്യങ്ങൾ നിർവ്വഹിക്കാൻ ഉതകട്ടെ. സമയബന്ധിതമായി ഈ വർഷത്തെ ഇടവക കണക്കുകൾ സർക്കാർ നിർദ്ദേശിക്കുന്ന സമയപരിധിക്കുള്ളിൽ സമർപ്പിക്കാൻ ചുമതലപ്പെട്ടവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മെത്രാസനത്തിനു വേണ്ടി വൈദികസെമിനാരി പഠനം പൂർത്തീകരിച്ച മംഗലം സെന്റ് ജോർജ്ജ് ഇടവകാംഗം ഡീക്കൻ ജിതിൻ ജോസഫ് മാത്യുവിനും, കുർത്തമല സെന്റ് മേരീസ് ഇടവകാംഗം ഡീക്കൻ റിനോ കെ. മാത്യുവിനും അഭിവന്ദ്യരായ കുറിയാക്കോസ് മാർ ക്ലീമീസ്, ഡോ. മാത്യൂസ് മാർ തിമോത്തിയോസ് തിരുമേനിമാരാൽ പരിശുദ്ധ റൂഹാ പൗരോഹിത്യപദവിയിലേക്ക് ഉയർത്തുകയും 2023 മെയ് 01 മുതൽ മെത്രാസനത്തിലേക്ക് വൈദീകരായി ചുമതല നൽകുകയും ചെയ്തു. മെത്രാസനത്തിന്റെയും വൈദിക സമൂഹത്തിന്റെയും എല്ലാ ആശംസകളും നവവൈദീകർക്ക് നൽകുന്നു.

അഭിവന്ദ്യ ഇടവകമെത്രാപ്പോലീത്താ തിരുമനസ്സിന്റെ ഷഷ്ഠ്യബ്ദ പൂർത്തീകരണമായ മെയ് 3-ാം തീയതി തിരുമനസ്സുകൊണ്ട് ബഥേൽ മാർ ഗ്രീഗോറിയോസ് അരമനപള്ളിയിൽ വിശുദ്ധ കുർബ്ബാന അർപ്പിക്കുകയും ജന്മദിന കേക്ക് മുറിക്കുകയും ചെയ്തു. മെത്രാസനത്തിലെ എല്ലാ ഇടവകകളുടെയും വൈദിക-അവൈദിക സമൂഹത്തിന്റെയും നാമത്തിൽ ആയുരാരോഗ്യസൗഖ്യങ്ങളും തുടർപ്രവർത്തനത്തിനുള്ള ഊർജ്ജസ്വലതയും ലഭിക്കട്ടെ എന്ന് പ്രാർത്ഥിച്ചാശംസിക്കുന്നു.

മെയ് 3-ാം തീയതി യൗപ്പദ്യക്നോ പദവിയിലേക്ക് പരിശുദ്ധ റൂഹായാൽ വിളിച്ചടുപ്പിച്ചിരിക്കുന്ന വൈദിക സെമിനാരി വിദ്യാർത്ഥികളായ ഡെസിൻ സണ്ണി, സിജോ റ്റി. ജോസഫ്, ജിജോ ജി. കുഞ്ഞുമോൻ എന്നിവർക്ക് എല്ലാവിധമായ പ്രാർത്ഥനാശംസകളും നേരുന്നു.

സമൂഹത്തിലും കുടുംബങ്ങളിലും ധാർമ്മിക അധഃപതനം അധികമായിരിക്കുന്ന ഒരു കാലഘട്ടത്തിലൂടെ നാം കടന്നുപോകുന്നു. വി. അഗസ്തീനോസ് പറഞ്ഞിരിക്കുന്നു 'തീക്ഷ്ണതയില്ലാത്തത് വൈദികരോ, സന്യസ്തരോ, ക്രിസ്ത്യാനികളോ ആകട്ടെ അവർ ദൈവത്തോട് ഒട്ടും സ്നേഹമില്ലാത്തവരാണ്' എന്നത്രേ. ദൈവസ്നേഹത്തിലും ധാർമ്മികതയിലും മുന്നിട്ടു നിൽക്കേണ്ട ദൈവജനം പിന്മാറ്റത്തിലേക്കും, അധഃപതനത്തിലേക്കും മാറിപോകുമ്പോൾ അതിനു പരിഹാരമായി ധാർമ്മിക പരിപാലന സമിതി എന്ന ഒരു പ്രത്യേക വിഭാഗം അഭിവന്ദ്യ പിതാവിന്റെ കല്പനയാൽ മെത്രാസനത്തിൽ നിലവിൽ വരുത്തിയിരിക്കുന്നു. അതിന്റെ പ്രഥമ കൂടിവരവ് മെയ് 8-ാം തീയതി ബഥേൽ അരമനയിൽ കൂടി കാര്യങ്ങൾ വിലയിരുത്തി.

മെത്രാസന സണ്ടേസ്കൂളിന്റെ കോൺവൊക്കേഷൻ ഏപ്രിൽ 16-ാം തീയതി അഭിവന്ദ്യ തിരുമനസ്സിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഉന്നത വിജയം വരിച്ച് അവാർഡുകൾ കരസ്ഥമാക്കിയ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാ ആശംസകളും നേരുന്നു.

മെത്രാസന യുവജനപ്രസ്ഥാനത്തിന്റെ കാരുണ്യ പദ്ധതി പ്രവർത്തനം പുലിയൂർ കാൽവറി അഭയ

ഭവനത്തിൽ നടത്തപ്പെട്ടു.

ആഗോള വൈദികസംഗമം മെയ് 23 മുതൽ 25 വരെയുള്ള തീയതികളിൽ പരുമല സെമിനാരിയിൽ നടത്തപ്പെടുമ്പോൾ പരിശുദ്ധ സഭയുടെ കെട്ടുപണിക്കാരായ നമുക്കും അതിൽ പങ്കെടുത്ത് അനുഗ്രഹമാക്കാൻ ശ്രദ്ധിക്കാം. വൈദിക കുടുംബത്തിലെ ഉടമ്പടിക്കാരികളുടെ സംഗമവും, വൈദിക മക്കളുടെ സംഗമമായ ഒലിവിന്റെയും പ്രവർത്തനം കൂടുതൽ ആത്മിക കരുത്തു പ്രാപിക്കാൻ ഇടയാകട്ടെ.

മെത്രാസനത്തിന്റെ മുഖപത്രമായ ബഥേൽ പത്രിക കെട്ടിലും മട്ടിലും മുൻപന്തിയിലാണ്. നമ്മുടെ എല്ലാ ഭവനങ്ങളിലും ബഥേൽ പത്രിക മാസിക എത്തിക്കുകയും അതിന്റെ പ്രചാരണവും പ്രസിദ്ധീകരണവും നിലനിർത്തുവാൻ പരിശ്രമിക്കാം.

മെത്രാസനത്തിലെ എം.ജി.ഒ.സി.എസ്.എം. & വിദ്യാജ്യോതിയുടെ നേതൃത്വത്തിൽ സണ്ടേസ്കൂൾ ദിനത്തോടനുബന്ധിച്ച് മെയ് മാസം 21-ാം തീയതി ബഥേൽ അരമനയിൽ വച്ച് കുട്ടികൾക്കായി പ്രത്യേക പഠന ക്ലാസ് നടത്തപ്പെടുന്നു. എല്ലാ ഇടവകകളുടെയും സഹകരണം പ്രധാനാധ്യാപകരുടെ ചുമതലയിൽ ഉണ്ടാകണമെന്ന് അറിയിക്കുന്നു.

പുതിയ അദ്ധ്യയന വർഷം 2023 ജൂൺ മാസത്തിൽ ആരംഭിക്കുകയാണല്ലോ. വിദ്യാഭ്യാസ മേഖല വളരെ കലുഷിതമായിരിക്കുന്ന കാലഘട്ടത്തിൽ കാലത്തിനനുസൃതമായ വിജ്ഞാനം നേടുവാൻ ദൈവം പ്രാപ്തമാക്കട്ടെ.

മെത്രാസനത്തിന്റെ ജീവകാരുണ്യ പ്രവർത്തനത്തിന് ഏറ്റം പ്രയോജനകരമായ പദ്ധതിയാണല്ലോ ദശാംശ പദ്ധതി. തുടർന്നുള്ള ഞായറാഴ്ചകളിൽ ഇടവകകൾ കേന്ദ്രീകരിച്ച് ദശാംശ പദ്ധതിയുടെ പ്രചാരണവും സ്വീകരണവും ജിതിൻ ജോസഫ് മാത്യു അച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു. എല്ലാ ഇടവകകളുടെയും സഹകരണം ഉണ്ടാകണം.

മെത്രാസനത്തിന്റെ പദ്ധതിയായി ബസേലിയോസ് ബുക്ക് ഹൗസ്, ആശ്രയ സൊസൈറ്റി, നിറവ്, മാർ അത്താനാസിയോസ് തയ്യൽ യൂണിറ്റ് തുടങ്ങിയവയുടെ പ്രവർത്തനങ്ങളിൽ ഏവരുടെയും സഹകരണം തുടർന്നും പ്രതീക്ഷിക്കുന്നു.

നമ്മുടെ മെത്രാസനത്തിന്റെ ആദ്ധ്യാത്മികവും ഭൗതീകവുമായ വളർച്ചയ്ക്ക് ആവശ്യമായിരിക്കുന്ന എല്ലാ കൈത്താങ്ങലുകളും, നിർദ്ദേശങ്ങളും, ഉപദേശങ്ങളും എല്ലാ വൈദികരിൽ നിന്നും ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകരിൽ നിന്നും വിശ്വാസ സമൂഹത്തിൽ നിന്നും തുടർന്നും പ്രതീക്ഷിക്കുന്നു.

## വായനക്കാരുടെ പ്രത്യേക ശ്രദ്ധയ്ക്ക്

2023 ജൂൺ മാസം മുതൽ ബഥേൽ പത്രിക മാസിക പോസ്റ്റൽ ഡിപ്പാർട്ടുമെന്റ് **(BY POST)** വഴിയായി നിങ്ങളുടെ ഭവനങ്ങളിൽ എത്തുന്നതാണ്. ഏതെങ്കിലും കാരണവശാൽ മാസിക ലഭിക്കാതെ വന്നാൽ ഉടനെ തന്നെ ആ വിവരം പബ്ലീഷറെ (റവ. ഫാ. പി.കെ. കോശി - 9447654008) അറിയിക്കേണ്ടതാണ്. ഇപ്പോൾ വരിക്കാരായിരിക്കുന്ന എല്ലാ വായനക്കാരുടെയും വരിസംഖ്യ 2023 ആഗസ്റ്റിനു മുമ്പായി പുതുക്കേണ്ടതാണ്. വരിസംഖ്യ പുതുക്കാത്തവർക്ക് 2023 സെപ്റ്റംബർ മുതൽ മാസിക ലഭിക്കുന്നതല്ല.


| വാർഷിക വരിസംഖ്യ | ആയുഷ്ക്കാല വരിസംഖ്യ |
|---|---|
| **250 രൂപ** | **2500 രൂപ (12 വർഷം)** |

### പരസ്യം

| | | | |
|---|---|---|---|
| **Back Cover** | **12000/-** | **Black & White (Full)** | **Rs. 5000/-** |
| **Front & Back Inner** | **10000/-** | **Black & White (Half)** | **Rs. 2500/-** |
| | | **Coloumn Advt.** | **Rs. 1500/-** |

# 1st DEATH ANNIVERSARY

23th May, 2023




You were our strength and guiding spirit and will remain so forever.

---

With Loving Memories and Prayers

K. T. Samuel (Husband)
Dr. Anoop Samuel & Dr. Bessy Anoop
Nidhin Samuel & Vini Nidhin

Doting Grandchildren:

Georgy, Gregory, Christal, Nova, Gabriel, Nora

## Dr. C.Y. Kunjoonjamma

(Former HOD in Hindi , Catholicate college, Pathanamthitta)
Karingattil, Mangaram, Pandalam











**ASWIN PHILIP ABRAHAM**
S/o. **Adv. Abraham G. & Dr. Sophia Philip**
Assariathu, Arattupuzha

**SERENE ANNA OOMMEN**
D/o. **Dr. Oommen P. Mathew & Meera John**
Plavannal, Nalanchira, TVM

The Marriage is Solemnized at St. Mary's Cathedral Puthencavu
By H.G. Kuriakose Mar Clemis on 30th April 2023

Printed & Published by Diocesan Secretary | Owned by Diocese of Chengannur
Chief Editor Fr. Mathew Varghese Pulimoottil | Printed at Tara Offset, Chengannur. 0479 2452566